# ഇടയൻ

വാല്യം 5 ലക്കം 04 ഏപ്രിൽ 2019






ഒരു സമ്പൂർണ്ണ
ക്രിസ്ത്യൻ മാസിക

ഇടയൻ

ഏപ്രിൽ 2019
വാല്യം 5 | ലക്കം 04

ചീഫ് എഡിറ്റർ & പബ്ലിഷർ
തോമസ് വൈദ്യൻ

എഡിറ്റോറിയൽ ബോർഡ്
പാസ്റ്റർ തോമസ് തോന്നയ്ക്കൽ
ഡോ. ബിനു ആലുംമൂട്ടിൽ
പാസ്റ്റർ. അസറിയാ ജോസഫ്
ബ്രദർ. ബിനു വടശ്ശേരിക്കര
ബ്രദർ. പി. വി. ജോയി
ബ്രദർ. ഷാർലറ്റ് പി. മാത്യു

കോ – ഓർഡിനേറ്റേഴ്സ്
ബ്രദർ ഉമ്മൻ തോമസ് വൈദ്യൻ (ഓസ്ട്രേലിയ)
ബ്രദർ വില്യം ജോർജ്ജ് (പത്തനംതിട്ട)

## താളുകൾ മറിക്കുമ്പോൾ...

പാർലമെന്റ് ഇലക്ഷൻ ........ 3
തോമസ്സ് വൈദ്യൻ
തെരഞ്ഞെടുപ്പും ചില ക്രിസ്തീയ ചിന്തകളും ........ 4
ഷിബു കെ. ജോൺ കല്ലട
തെരഞ്ഞെടുപ്പ് ഗോദയിലേക്ക് ........ 6
ഡോ. ബിനു ആലുംമൂട്ടിൽ
പ്രതിസന്ധികളിൽ പ്രതീക്ഷ ........ 9
ജോർജ് ബെഹനാൻ റ്റി.
കുരുവിയും കുരുവികളും ........ 13
പേരൂർക്കട ഐസക്
തകരുന്ന പൊൻകിണ്ണം ........ 15
പാസ്റ്റർ സഹായദാസ്
ഐശ്വര്യമുള്ള ഐശ്വര്യ ........ 16
ബേബി ജോർജ്ജ്
ലോകാവസാനം ........ 18
ജസ്റ്റിൻ ഡിസിൽവ
ശരണം ദൈവം മാത്രം ........ 24
ഡോ. സി. ഡി. സുജാത സദാനന്ദൻ
നമ്മെ ഭരിക്കുന്നത് ഇരുളോ വെളിച്ചമോ? ........ 25
Worry not ........ cover 3
Sosamma Thomas

## രചനകൾ...

ഇടയൻ മാസികയിൽ നിങ്ങൾക്കെഴുതുവാൻ താത്പര്യമുണ്ടോ? ദൈവം നിങ്ങൾക്കു തനതായ ഒരാശയം നല്കിയിട്ടുണ്ടെങ്കിൽ ക്രൈസ്തവ ജനതയുടെ ആത്മീക അഭിവൃദ്ധിയ്ക്കായി, അനുഗ്രഹത്തിനായി നിങ്ങളുടെ രചനകൾ ഏതായാലും (ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, കാർട്ടൂണുകൾ, യാത്രാവിവരണങ്ങൾ, അനുഭവസാക്ഷ്യങ്ങൾ, ചിത്രങ്ങൾ, വിലപ്പെട്ട അഭിപ്രായങ്ങൾ) ഞങ്ങൾക്ക് താഴെ പറയുന്ന വിലാസത്തിൽ അയച്ചുതരുക.

ഞങ്ങളുടെ വിലാസം
The Editor, Edayan Magazine, Post Box - 3024, Nalanchira P.O., Thiruvananthapuram- 695 015, Kerala State.

email:
edayanmonthly2014@gmail.com







# പാർലമെന്റ് ഇലക്ഷൻ



**2019** മാർച്ച് മാസം മുതൽ ഏപ്രിൽ വരെ ഇന്ത്യയിലാകമാനം അടുത്ത അഞ്ചുവർഷം ഇന്ത്യ ഭരിക്കുന്നതിന് അനുയോജ്യമായ ഒരു ഭരണകൂടം രൂപപ്പെടുത്തുന്നതിനുവേണ്ടി വിവിധ പാർട്ടികളും, വ്യക്തികളും, സംഘടനകളും പരസ്പരം മത്സരിച്ച് വോട്ടു പിടിക്കുകയാണ്. എല്ലാവരുടേയും ഉദ്ദേശം ജനങ്ങളെ സേവിക്കുകയാണ്.

ഇന്ത്യയിലെ അധഃസ്ഥിതരുടേയും, വിദ്യാഹീനരുടേയും, അടിച്ചമർത്തപ്പെട്ടവരുടേയും ഉന്നമനത്തിനായി അഹോരാത്രം പണിപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. അവരെ നാടുകടത്തണമെന്നാണ് ചില രാഷ്ട്രീയ സംഘടനകൾ ആവശ്യപ്പെടുന്നത്. ഒരു കാര്യം അവർ മനസ്സിലാക്കുന്നത് നല്ലതാണ്, നിങ്ങളെപ്പോലെ ഭാരതത്തിൽ ജനിച്ച് ജീവിച്ച് മൺ മറയപ്പെടേണ്ടവരാണ് ക്രിസ്ത്യാനികൾ ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 25 ഉറപ്പു നല്കുന്ന, 'താൻ വിശ്വസിക്കുന്ന ഏതൊരു ധർമ്മവും അനുഷ്ഠിക്കുവാനും, പ്രചരിപ്പിക്കുവാനും, ഏതൊരു പൗരനും' ഭരണഘടന നല്കുന്ന സ്വാതന്ത്ര്യം തരാൻ തയ്യാറാകുന്ന ഏതൊരു രാഷ്ട്രീയ പാർട്ടിക്കും വോട്ടു കൊടുക്കാൻ മടിക്കേണ്ട.

കഴിഞ്ഞ അഞ്ചുവർഷം ക്രൈസ്തവ സഭ ഇന്ത്യിലാകമാനം പീഡനം അനുഭവിച്ചു. നമ്മുടെ ആരാധനലായങ്ങൾ ആക്രമിക്കപ്പെട്ടു, ക്രൈസ്തവ നേതാക്കളേയും പാസ്റ്ററന്മാരെയും കന്യാസ്ത്രീകളെയും പീഡിപ്പിച്ചു. ഗവൺമെന്റുകൾ നോക്കുകുത്തികളായി പ്രവർത്തിച്ചു. അഞ്ചുവർഷത്തിൽ ഒരിക്കലാണ് നാം നമ്മുടെ അംഗീകാരം രേഖപ്പെടുത്തുന്നത്. ചില ക്രൈസ്തവ പുരോഹിതന്മാരും രാഷ്ട്രീയ നേതാക്കന്മാരും സ്വന്ത നേട്ടത്തിനായി മറുകണ്ടം ചാടിയാലും നാം നിശ്ചയദാർഢ്യത്തോടെ വോട്ടുകൾ രേഖപ്പെടുത്തുക.

കേരളത്തിലെ ഒരു പ്രമുഖ വാർത്താവാരികയിൽ "ഇന്ത്യയിൽ ക്രിസ്തീയ സമൂഹം സുരക്ഷിതരല്ലെന്നു റിപ്പോർട്ട്" പ്രസിദ്ധപ്പെടുത്തി. പ്രസ്തുത റിപ്പോർട്ടിൽ ഇന്ത്യയിൽ ക്രൈസ്തവവർക്കെതിരെയുള്ള പീഡനത്തിന്റേയും ആക്രമണത്തിന്റെയും കേസുകളിൽ മുൻവർഷത്തെ അപേക്ഷിച്ചു ഈ വർഷത്തെ ആദ്യ രണ്ടു മാസങ്ങളിൽ 57% വർദ്ധനവ് ഇവാഞ്ചലിക്കൽ ഫെലോഷിപ് ഓഫ് ഇന്ത്യ റിലിജിയസ് ലിബർട്ടികമ്മിഷൻ നടത്തിയ സർവേയിൽ രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്നുള്ള പത്രകുറിപ്പിൽ "ലോകത്ത് ഏറ്റവും കൂടുതൽ ക്രിസ്ത്യാനികൾ പീഡനങ്ങൾ അനുഭവിക്കുന്ന രാജ്യങ്ങളുടെ ലിസ്റ്റിൽ ഇന്ത്യ 2013 ൽ 31-ാം സ്ഥാനത്തായിരുന്നു. എന്നാൽ ഇന്ന് 2019 ൽ പത്താം സ്ഥാനത്തായിരിക്കുകയാണ്. ക്രിസ്തീയ സംഘടനയായ ഓപ്പൺ ബോർഡിന്റെ 2019 വേൾഡ് ലിസ്റ്റിലാണ് പുതിയ കണക്കുകൾ പുറത്തു വന്നിട്ടുള്ളത്". പുതിയ ഭരണകൂടം നിലവിൽ വന്നതിനുശേഷമാണ് ഇന്ത്യയിൽ ഇത്രത്തോളം പീഡനങ്ങൾ ക്രിസ്ത്യാനികൾക്കുണ്ടായിട്ടുള്ളത്.

ക്രിസ്ത്യാനികൾ ആരും തന്നെ വോട്ടു രേഖപ്പെടുത്തേണ്ട ദിവസങ്ങളിൽ മറ്റു വ്യക്തിപരമായ കാര്യങ്ങളിൽ മുഴുകി "ഞാൻ ചെയ്തില്ലെങ്കിലും തിരഞ്ഞെടുപ്പു നടക്കും" എന്ന രീതി അവലംബിക്കരുത്. കൃത്യസമയത്തിനു മുമ്പേ വോട്ടുകൾ രേഖപ്പെടുത്തി നിശ്ചയദാർഢ്യം രേഖപ്പെടുത്തുക. എല്ലാ മതസ്ഥർക്കും തുല്യനീതി നടപ്പാക്കാൻ കഴിവുള്ള ഒരു ഉറപ്പുള്ള ജനാധിപത്യ ഗവൺമെന്റ് രൂപീകരിക്കാനും ഇന്ത്യയിൽ സമാധാനം നിലനില്ക്കുന്നതിനും വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും വേണം.

ചീഫ് എഡിറ്റർ
**തോമസ് വൈദ്യൻ**



# തെരഞ്ഞെടുപ്പും ചില ക്രിസ്തീയ ചിന്തകളും



**ഷിബു കെ. ജോൺ**
കല്ലട

ജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തിലെ തെരഞ്ഞെടുപ്പിനെയാണ് നാം ഇപ്പോൾ അഭിമുഖീകരിക്കുന്നത്. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ ഭരണ സംവിധാനമാണ് നമ്മുടേത്. ഒരർത്ഥത്തിൽ നമ്മുടെ നന്മയ്ക്കു വേണ്ടി നാം തന്നെ നമ്മെ ഭരിക്കുകയാണിവിടെ. അധികാരം ഉപയോഗി ക്കുന്നവൻ ജനത്തിന്റെ പ്രതിനിധി മാത്രമാകുന്ന ഈ സംവിധാനത്തിന്റെ ലക്ഷ്യം എല്ലാ ജനങ്ങളുടെയും ക്ഷേമവും (ലോകാ സമസ്താ സുഖിനോ ഭവന്തു) രാജ്യത്തിന്റെ അഖണ്ഡതയുമാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക പശ്ചാത്തലത്തിൽ ഈ തെരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെ ബൈബിൾ വെളിച്ചത്തിൽ നമുക്ക് നോക്കാം.

### നിർണായകമാകുന്ന വിധി

വിവരസാങ്കേതിക വിദ്യ, ശാസ്ത്രജ്ഞാനം, കമ്മ്യൂണിക്കേഷൻ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം തുടങ്ങി സമസ്തമേഖലകളും ഇന്ന് അതിവേഗ വളർച്ചയുടെയും മാറ്റത്തിന്റെയും പാതയിലാണ്. കഴിഞ്ഞ അമ്പത് വർഷങ്ങളിലുണ്ടായതിനേക്കാൾ വളരെ വലിയ മാറ്റമാണ് ഈ രംഗങ്ങളിൽ ഇക്കഴിഞ്ഞ അഞ്ച് വർഷങ്ങളിലുണ്ടായിട്ടുള്ളത്. അടുത്ത അഞ്ച് വർഷങ്ങളിൽ ഉണ്ടാവാൻ പോകുന്ന മാറ്റം നാമാരും സ്വപ്നം പോലും കാണാത്ത തരത്തിലുള്ളതാണ്! ഇപ്രകാരം കുതിച്ചുചാടാൻ പോകുന്ന ഇന്ത്യയെ ആരു നയിക്കണം എന്നാണ് ഈ തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ വിധിയെഴുതാൻ പോകുന്നത്.

### ബഹുസ്വരതയ്ക്ക് ഒരു വോട്ട്

ആയിരക്കണക്കിന് ഭാഷാ-സംസ്കാര വൈവിധ്യങ്ങളുള്ള 130 കോടി ജനങ്ങൾ ഒത്തൊരുമയോടെയും അന്യോന്യ ആശ്രയത്തിലും ജീവിക്കുന്ന ഭാരതം നിസ്തുലമാണ്, ലോകരാജ്യങ്ങൾക്ക് നാമൊരു അത്ഭുതമാണ്..! നാനാത്വത്തിൽ ഏകത്വമെന്നുള്ളത് നമുക്ക് കേവലം ഏട്ടിലെ പശുവല്ല; മറിച്ച് ഓരോ

ഇന്ത്യക്കാരനും ജീവിക്കുന്ന ജീവിതയാഥാർത്ഥ്യത്തിന്റെ പരിസരമാണത്! ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും പേരിൽ മനുഷ്യനെ വേർതിരിക്കുന്ന പ്രത്യയശാസ്ത്രം അധമവും പ്രതിലോമവുമാണ്. അങ്ങനെയുള്ളവർ ജനാധിപത്യത്തിന്റെ ബൈബിളായ ഭരണഘടനയോട് നീതി പുലർത്തുകയില്ലെന്ന് മാത്രമല്ല രാജ്യത്തേ ശിലായുഗത്തിലേക്ക് തള്ളിയിടുകയും ചെയ്യുമെന്നുള്ളതിന് തർക്കമില്ല. അതുകൊണ്ട് ബഹുസ്വരതയെയും മതേതരത്വത്തെയും ബഹുമാനിക്കുന്ന, എല്ലാവരെയും ഒരുപോലെ സ്നേഹിക്കുന്ന ഒരു സർക്കാരാവണം ഇനി അധികാരത്തിൽ വരേണ്ടത്. അങ്ങിനെയുള്ള സ്ഥാനാർത്ഥിക്കും പാർട്ടിക്കുമാവട്ടെ നമ്മുടെ വിലയേറിയ ഓരോ വോട്ടും..

**യുവജനങ്ങളുടെ ശബ്ദം**

ഈ നൂറ്റാണ്ടിൽ ജനിച്ചവരിൽ 133 മില്യൺ വോട്ടർമാരാണ് ആദ്യമായി അവരുടെ ചൂണ്ടുവിരലിൽ മഷി പുരട്ടുവാൻ തയ്യാറായി നിൽക്കുന്നത്. ഈ മിലേനിയം വോട്ടേഴ്സിന്റെ തീരുമാനം തെരഞ്ഞെടുപ്പ് ഫലത്തെ സംബന്ധിച്ച് നിർണായകമായേക്കും എന്നാണ് ഇതിനർത്ഥം. **നോട്ട് നിരോധനം പോലുള്ള പരിഷ്കാരങ്ങൾ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക മേഖലയെ ഏറെ പിന്നോട്ടടിച്ചു എന്നത് സാമ്പത്തിക വിദഗ്ദ്ധർ മുതൽ സാധാരണക്കാർ വരെ ഒരുപോലെ സമ്മതിക്കുന്ന കാര്യമാണ്. ഇതിന്റെ പ്രത്യാഘാതം ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് വ്യവസായ - വാണിജ്യ മേഖലയെയും അവിടങ്ങളിലെ തൊഴിൽ സാധ്യതയെയുമാണ്.** നമ്മുടെ ബിരുദധാരികൾ ബിരുദം ലഭിച്ച സന്തോഷത്തെക്കാൾ നാളയെപ്പറ്റിയുള്ള ആശങ്കയിലാണ് കോളജിന്റെ പടികളിറങ്ങുന്നത്. Brain drain അഥവാ തലച്ചോർ ശോഷണം എന്ന് വിളിപ്പേരുള്ള വിദേശതൊഴിൽമേഖലകളിലേക്ക് നമ്മുടെ യുവജനങ്ങൾ തുച്ഛമായ ശമ്പളത്തിനു പോലും പലായനം ചെയ്യുവാൻ നിർബന്ധിതരായിത്തീരുന്ന അവസ്ഥയാണിന്നുള്ളത്. ഗൾഫിലും യൂറോപ്പിലും അമേരിക്കയിലുമുള്ള നമ്മുടെ ചെറുപ്പക്കാരുടെ ഭീമമായ എണ്ണം മാത്രംമതി ഇതിന്റെ നിജസ്ഥിതി മനസിലാക്കുവാൻ. ഈ വിഷയത്തിൽ, പ്രസംഗിക്കുന്ന നാവുകളെക്കാൾ പ്രവർത്തിക്കുന്ന കരങ്ങളെ മനസിലാക്കി വേണം കന്നിവോട്ടുകാർ അവരുടെ സമ്മതിദാനാവകാശം വിനിയോഗിക്കുവാൻ.

**നിർഭയമായ ക്രിസ്തീയ പ്രവർത്തനം**

സ്വരാജിനു വേണ്ടി പോരാടുകയും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ചരിത്രമാണ് ഭാരതീയ ക്രൈസ്തവരുടേത്. അവർ വിദേശികളല്ല. രാജ്യത്തിന്റെ ശത്രുക്കളുമല്ല. സെന്റ് തോമസ് മുതൽ ഗ്രഹാം സ്റ്റെയിൻസ് വരെയുള്ള പ്രേഷിതരെ അവർക്ക് നഷ്ടപ്പെട്ടിട്ടും, ഇനിയും അനേകർ സുവിശേഷ രണാങ്കണത്തിൽ നഷ്ടപ്പെടുമെന്നറിഞ്ഞിട്ടും അവർ ഈ മണ്ണിനെ സ്നേഹിക്കുകയാണ്..! ഭാഷാപരമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും ക്രൈസ്തവ മിഷണറിമാർ ഇവിടെ ചെയ്തതിനേക്കാൾ വലുതായി ആർ എന്തു ചെയ്തു?

ബൈബിൾ ഏത് സംസ്കാരത്തെയും മൂന്ന് രീതിയിലാണ് മാറ്റുന്നത്:

**1. രൂപാന്തരം (Transformation).**

സതി, മനുഷ്യക്കുരുതി പോലെ കിരാതമായ എത്രയെത്ര കാര്യങ്ങളാണ് നമ്മുടെ മണ്ണിൽനിന്ന് തുടച്ച് മാറ്റപ്പെട്ടത്.


**2. മെച്ചപ്പെടുത്തൽ (Modification).**

സ്ത്രീകളോടും കുട്ടികളോടുമുള്ള സമീപനം, ആരോഗ്യ സംരക്ഷണം, ഇംഗ്ളീഷ് വിദ്യാഭ്യാസം തുടങ്ങിയവ ഇതിന്റെ ഉദാഹരണങ്ങളാണ്.

**3. അനുരൂപപ്പെടൽ (Conformation).**

ഏത് സംസ്കാരത്തിലെയും നല്ല കാര്യങ്ങൾ ബൈബിൾ സ്വീകരിക്കുന്നു. ഭാരതീയ കുടുംബ ബന്ധങ്ങളുടെ ദൃഢത

*ശേഷം 12-ാം പേജിൽ കാണുക*





**ഡോ. ബിനു ആലുംമൂട്ടിൽ**
തിരുവല്ല

# തെരഞ്ഞെടുപ്പ് ഗോദയിലേക്ക്

**ക**ണ്ടെത്തലും തേടിപ്പിടിക്കലും തിരഞ്ഞെടുപ്പും ഒക്കെ ഒന്നല്ലെങ്കിൽ മറ്റൊരു രീതിയിൽ എല്ലാ സമൂഹങ്ങളിലും ഉണ്ട്. അവരവരുടെ മനസ്സിലും ചിന്തയിലും കാഴ്ചയിലും നല്ലതും മികച്ചതുമായതിനെ തിരഞ്ഞെടുക്കുന്നത് മനുഷ്യന്റെ മാത്രം വാസനയായി കരുതരുത്. പക്ഷി മൃഗാദികളുടെയിടയിലും കരുത്തനും ശക്തനും ഒക്കെയായി പരിഗണിക്കപ്പെടാൻ ചില മാനദണ്ഡങ്ങൾ ഉണ്ട്.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ലോക്സഭയിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ തുടികൊട്ട് ആരംഭിച്ചു കഴിഞ്ഞു. പാർട്ടികൾ പിളരുന്നു, അണികളും പല നേതാക്കളും മറ്റ് പാർട്ടികളിലേക്ക് ചേക്കേറുന്നു, നവ കൂട്ടുകെട്ടുകൾ ഉണ്ടാകുന്നു, തിരഞ്ഞെടുപ്പ് സഖ്യങ്ങൾ രൂപപ്പെടുന്നു, വില പേശൽ തന്ത്രങ്ങൾ- എന്നു വേണ്ട വല്ലാത്ത ഒരു കോലാഹലം തന്നെ. മണിക്കൂറുകൾ കൊണ്ടല്ലേ പാർട്ടി സമവാക്യങ്ങൾ തിരിഞ്ഞു മറിയുന്നത് !! പത്രവായനക്കാരെയും ടെലിവിഷൻ അനുവാചകരെയും വെറും കോമാളികളാക്കുന്ന ഏഴാം കൂലി തന്ത്രങ്ങൾ ആണ് ഈ രാഷ്ട്രീയ ചാണക്യൻമാർ പയറ്റുന്നത്.

പാർട്ടിവിട്ട് ഒരു ഉളുപ്പുമില്ലാതെ പാർട്ടി ചേരുന്ന കപടരാഷ്ട്രീയക്കാരെ ജനം തിരിച്ചറിയാതെ പോകുന്നു. ഒരു ധാർമ്മികതയും (Ethics) ഇല്ലാതെ കസേരയും അധികാരവും പണവും പ്രതാപവും സ്ഥാനവും സ്വാധിനിവും മാത്രം കാംഷിക്കുന്ന ഇവരെയൊക്കെ ജയിപ്പിച്ച് വിടാൻ പാവം ജനങ്ങൾ വെയിലത്ത് ബൂത്തിലേയ്ക്ക്. പൊള്ള വാഗ്ദാനങ്ങൾ തിരഞ്ഞെടുപ്പ് സമയത്ത് നൽകുന്ന ഇവരുടെ കപടത പൊതുജനം തിരിച്ചറിയാതിരിക്കുന്നു എന്നതിലാണ് ഈ മേലാളൻമാരുടെ  കരുത്ത്. പൊതുജനം കഴുത എന്ന ചൊല്ല് ഇവിടെ അന്വർത്ഥമത്രേ. അതുകൊണ്ടാണല്ലോ അഞ്ച് വർഷങ്ങൾ കൂടുമ്പോൾ ഈ പൊള്ള വാഗ്ദാനക്കാരെ നാം വോട്ട് ചെയ്ത് ജയിപ്പിക്കുന്നത്.

രാഷ്ട്രീയ കൊലപാതകങ്ങൾ ഇന്ന് പെരുകിവരികയാണ്. ഇന്ത്യയിലാണ് ഇത് കൂടുതൽ എന്നറിയണം. ഈ രാഷ്ട്രീയ കൊലപാതകങ്ങളിൽ ഇരയാകുന്ന വരും പ്രതിയാകുന്നവരും ചിന്തിക്കാതെ പോകുന്ന ഒരു സത്യമുണ്ട്. ഈ പ്രവർത്തി ദീർഘകാല ജയിൽ വാസം പ്രതികൾക്ക് സമ്മാനിക്കും. ഇരക്ക് ജീവൻ നഷ്ടമാകും. ഇവിടെ ആർക്ക് നഷ്ടം? ആർക്ക് ലാഭം? പാടത്തും പറമ്പിലും സൂര്യന്റെ താപമേറ്റ് വിയർത്ത് കുളിച്ച് അദ്ധ്വാനിക്കുന്ന പിതാവും, അന്യവീട്ടിൽ മുറ്റമടിക്കാനും പാത്രം കഴു

കാനും തുണിയലക്കാനും പോകുന്ന അമ്മയും ഉണ്ണാതെയും നല്ലൊരു വസ്ത്രം വാങ്ങാതെയും കാലിൽ ചെരിപ്പ് അണിയാതെയും കഷ്ടപ്പെടുന്നത് മക്കളെ വളർത്തി വലുതാക്കാനും അവർക്ക് നല്ല ഭക്ഷണവും ഉയർന്ന വിദ്യാഭ്യാസവും നൽകാനാണ്. പക്ഷെ മീശ മുളയ്ക്കുന്നതിനു മുമ്പെതന്നെ രാഷ്ട്രീയ കിങ്കരന്മാരുടെ സുന്ദരമോഹന വാദ്ഗാനങ്ങളിൽപ്പെട്ട് അവർ ബലിയാടാകാൻ വിധിക്കപ്പെടുന്നു.

ഒടുവിൽ കിരാതവും പൈശാചികവുമായ രീതിയിൽ ഈ യുവാക്കൾ കൊല്ലപ്പെടുമ്പോൾ നഷ്ടം മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും മാത്രം. നനഞ്ഞൊലിക്കുന്ന കൂരയ്ക്കുള്ളിൽ ചേതനയറ്റശരീരം കൊണ്ടുവയ്ക്കുമ്പോൾ മാറത്ത് അടിച്ച് അലമുറയിടാൻ അല്ലാതെ ഈ മാതാപിതാക്കൾക്ക് എന്ത് ചെയ്യാൻ കഴിയും. അനുശോചന വാക്കുകളും അമർരഹേ ശബ്ദങ്ങളും കൊണ്ട് മുഖരിതമാകുന്ന അന്തരീക്ഷത്തിൽ പാർട്ടി പതാക പുതപ്പിച്ചു കിടത്തിയിരിക്കുന്ന പൊന്നോമനയെ കണ്ടാൽ കണ്ണീർ വറ്റുമോ? ജീവിതകാലം മുഴുവൻ നീറിനീറി ചാകുവാനാണീ വളർത്തി വലുതാക്കിയ മാതാപിതാക്കൾക്ക് വിധി. എല്ലാ വർഷവും രക്തസാക്ഷിദിനം ആഘോഷിക്കുമ്പോൾ പാർട്ടിക്ക് അത് വോട്ട് നേട്ടം, പക്ഷെ നഷ്ടബോധം പേറി നടക്കുന്ന മാതാപിതാക്കളിൽ അത് വേദനയോടെ കടലിരമ്പം കൂട്ടും.

പാർട്ടി നേതാക്കളുടെ വീട്ടിൽ കരച്ചിലുമില്ല ഒരു ദുഃഖവുമില്ല. അവിടെ ചിരിയും അട്ടഹാസവും പാട്ടും ആനന്ദവും ഒക്കെ പൊടിപൊടിക്കയല്ലേ! പാർട്ടി നേതാക്കളുടെ മക്കളാരും ലാത്തി ചാർജ്ജിനോ, ടിയർഗ്യാസ് പ്രയോഗത്തിനോ, ജലപീരങ്കിക്കോ, റബ്ബർ ബുള്ളറ്റിനോ വിധേയപ്പെടുകയില്ലെന്നതാണ് സത്യം. അവർ മുന്തിയതരം കാറുകളിലും എ. സി. റൂമുകളിലും രാജസുഖത്തിൽ വാഴുകയല്ലേ!! അപ്പോൾ നഷ്ടമർക്ക്, ലാഭമാർക്ക്!! സ്റ്റേജുകളിലും ഉച്ചഭാഷിണിക്ക് മുമ്പിലും പരസ്പരം അധിക്ഷേപിക്കുന്ന വ്യത്യസ്ത രാഷ്ട്രീയ നേതാക്കൾ തമ്മിൽ യഥാർത്ഥത്തിൽ യാതൊരു ശത്രുതയും ഇല്ലെന്നത് പകൽപോലെ സത്യം. അവർ തമ്മിൽ ഹസ്തദാനം നൽകുകയും കുശലം പറയുകയും ഒക്കെ ചെയ്യുകയാണ് പതിവ്. പക്ഷേ ഈ ശിഖണ്ഡി സ്വഭാവമുള്ള നേതാക്കന്മാരുടെ ആവേശപ്രസംഗത്തിൽ മയങ്ങി ചാവേറാകുന്ന അണികളെ ഭോഷന്മാരെന്നല്ലാതെന്ത് വിളിക്കാൻ!!

"ഒരു മുതൽ മുടക്കും കൂടാതെ ആർക്കും എവിടെയും ആരംഭിക്കാവുന്ന രണ്ട് ബിസിനസ്സാണ് രാഷ്ട്രീയവും കുശുമ്പും" എന്നാണ് പ്രൊഫ. എബ്രഹാം വാഴൂർ പറഞ്ഞിരിക്കുന്നത്. ഇന്ത്യയിൽ ഇന്ന് എഴുന്നൂറിൽ അധികം രാഷ്ട്രീയപാർട്ടികൾ ഉണ്ട്. ലോക്സഭയിൽ അഞ്ഞൂറ്റിചില്വാനം സീറ്റേ ഉള്ളൂ. ശരാശരി ഒരു സീറ്റുപോലും ഒരു പാർട്ടിക്ക് അർഹമല്ലെന്ന് ചുരുക്കം. ജാതി, വർഗ്ഗം, മതം, എന്നിവയുടെ ഒക്കെ പേരിലാണ് ഇന്ത്യയിലെ പല രാഷ്ട്രീയ പാർട്ടികളും മുളച്ചു വരുന്നതും തഴക്കുന്നതും. ഇവയെല്ലാം പിരിച്ച് വിട്ടില്ലെങ്കിൽ ഇന്ത്യ നശിക്കും. ഏത് ഈർക്കിലി പാർട്ടി വിചാരിച്ചാലും ഇവിടെ ഹർത്താലും സമരങ്ങളും ഒക്കെ നടത്തുവാൻ കഴിയും എന്നത് അപകടമാണ്. കരുത്തുറ്റ ഒരു ഭരണകക്ഷിയും ശക്തമായ ഒരു പ്രതിപക്ഷവും ആണ് വേണ്ടത്. ഇങ്ങനെ രണ്ടേ രണ്ടു പാർട്ടി ഉണ്ടെങ്കിലേ രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി നല്ല ഭരണം കാഴ്ചവെയ്ക്കാനും നിയമ നിർമ്മാണം നടത്തുവാനും സാധിക്കൂ.

മാറി മാറിവരുന്ന ഭരണകക്ഷികളുടെ ചട്ടുകങ്ങളായി പോലീസ് ഫോഴ്സും നിയമവ്യവസ്ഥകളും മാറുന്നു എന്നത് അതീവ ഗൗരവത്തോടെ കാണേണ്ടതാണ്. രാഷ്ട്രീയം രാഷ്ട്രീയത്തിന് വേണ്ടിയേ ഉപയോഗിക്കാവൂ- പക്ഷെ ഇപ്പോൾ ഇത് പാർട്ടി വളർത്താനും സ്വജന പൂരണത്തിനും ഒക്കെയായി നിജപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം. നിയമപരിരക്ഷ, സ്വൈര്യജീവിതം, സ്വാതന്ത്ര്യം, ആരാധനാ സ്വാതന്ത്ര്യം എന്നിവയൊക്കെ ഇന്ത്യൻ ഭരണഘടന ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും നൽകുന്നുണ്ട്. പക്ഷേ അവയൊക്കെ കാറ്റിൽ പറത്തുന്നതല്ലേ നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.

നമ്മുടെ രാജ്യം തിരഞ്ഞെടുപ്പ് ചൂടിലാണിപ്പോൾ. തിരഞ്ഞെടുപ്പ് കമ്മിഷൻ ഉണ്ട്. പക്ഷെ തിരഞ്ഞെടുപ്പ് കമ്മിഷന്റെ അധികാരം

എന്താണെന്ന് ഇന്ത്യയിലെ ജനങ്ങൾ അറിഞ്ഞത് ശ്രീ. ടി. എൻ. ശേഷന്റെ കാലത്താണ്. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഒരു ലോക്സഭാ സ്ഥാനാർത്ഥി 70 ലക്ഷം ഇന്ത്യൻ രൂപയിൽകൂടുതൽ ചിലവാക്കരുതെന്നാണ് തിരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദ്ദേശം. പക്ഷെ ഈ തുക ഒന്നിനും ആവില്ലെന്നാണ് സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയകക്ഷികളുടെയും നിലപാട്.

കോൺഗ്രസ്, ബി. ജെ. പി. സ്ഥ്നാർത്ഥികൾക്ക് ഫീഡിംഗ് ആണ് ഇതിന് തുണ. ഉന്നതങ്ങളിൽ നിന്ന് പേപ്പർ ചാനൽ വഴി ഇംപ്രോപ്പറായി എത്തുന്ന പണമാണ് ഫീഡിംഗ്. എന്നാൽ ഇടതുപക്ഷ പാർട്ടികളുടെ ബലം നാട്ടിലെ മുതലാളിമാരാണ്. ഒരു ലോക്സഭാമണ്ഡലത്തിന്റെ കീഴിൽ ശരാശരി 1400 ബൂത്തുകളാണുള്ളത്. പോസ്റ്റർ ഒട്ടിക്കുക, ചുവരെഴുതുക, വീടുകയറിയുള്ള വെരിഫിക്കേഷൻ, അഭ്യർത്ഥന അച്ചടിക്കുക, വിതരണം ചെയ്യുക, മൈക്ക് ആനൗൺസ്മെന്റ്, വോട്ടെടുപ്പിന് തൊട്ട്മുമ്പ് സ്ലിപ് വിതരണം, ബൂത്ത് അലങ്കരിക്കുക എന്നിവയ്ക്കെല്ലാം കൂടി ഒൻപത് കോടിയോളം രൂപയാണ് ആകെ ചിലവ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

തിരഞ്ഞെടുപ്പ് കഴിഞ്ഞ് 30 ദിവസത്തിനകം സ്ഥാനാർത്ഥികളും 90 ദിവസത്തിനകം പാർട്ടികളും പ്രചാരണ ചെലവ് തിരഞ്ഞെടുപ്പ് കമ്മിഷനെ അറിയിക്കണം എന്നതാണ് വ്യവസ്ഥ. തെറ്റായ കണക്ക് സമർപ്പിച്ചാൽ പിന്നീട് അയോഗ്യത ഉണ്ടാകാം. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിന് ഇന്ത്യയൊട്ടാകെ 3870 കോടി രൂപ ചെലവിട്ടെന്നാണ് സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് കമ്മിഷനെ അറിയിച്ചത്. ശരിയായ കണക്ക് ഇതിന്റെ എത്രയോ മടങ്ങ് വലുതാണെന്നത് പരസ്യമായ രഹസ്യം. അപ്പോൾ ഈ പ്രാവശ്യത്തെ തിരഞ്ഞെടുപ്പിന്റെ ചിലവ് ഊഹിക്കാവുന്നതിനെക്കാൾ എത്രയോ മുകളിലായിരിക്കും. വോട്ട് ചെയ്ത് ഇവരെയൊക്കെ ജയിപ്പിച്ച് പാർലമെന്റിലേക്കയ്ക്കുന്ന ജനങ്ങൾ "കോരന് കുമ്പിളിൽ തന്നെ കഞ്ഞി" എന്ന ആപ്തവാക്യം മുറുകെ പിടിക്കുന്നതാണ് നന്ന്!!"

ഇന്ത്യയിലെ അധഃസ്ഥിതരുടെയും വിദ്യാഹീനരുടെയും അടിച്ചമർച്ചപ്പെടവരുടെയും ഒക്കെ ഉയർച്ചക്കായി പ്രവർത്തിച്ച് അവരെയൊക്കെ മുഖ്യധാരയിലേക്ക് എത്തിച്ചത് ക്രൈസ്തവ സുവിശേഷവുമായി ഇന്ത്യയിലെത്തിയ മിഷണറിമാർ ആണെന്ന് ചരിത്രബോധമുള്ളവർക്ക് അറിയാം. പക്ഷെ അവരുടെ സംഭാവനകളൊക്കെ മറന്ന് ക്രൈസ്തവരെ ഇന്ത്യൻ മണ്ണിൽ നിന്ന് പിഴുതെറിയുവാൻ അഹോരാത്രം പണിയെടുക്കുന്ന ഹൈന്ദവ ഫാസിസ്റ്റ് സംഘടനകൾ ഇന്ത്യയിൽ പെരുകി വരികയാണ്. ലോകത്തിലെ ഏറ്റവും വലിയ ഭരണഘടന ഉള്ള ഇന്ത്യയിലാണിതൊക്കെ നടക്കുന്നതെന്നോർക്കണം.

ഇന്ത്യയിലെ ഏതൊരു പൗരനും ഏത് മതവും വിശ്വാസസംഹിതയും വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഇന്ത്യൻ ഭരണഘടനയുടെ 19, 25 വകുപ്പുകളുടെ ഒന്നാം ഉപവകുപ്പുകൾ അനുവാദവും സ്വാതന്ത്ര്യവും നൽകുന്നുണ്ട്. പക്ഷേ ക്രിസ്ത്യാനികൾക്ക് പ്രത്യേകിച്ച് പെന്തെക്കോസ്തുകാർക്ക് എതിരെയുള്ള അക്രമങ്ങൾ പലപ്പോഴും കണ്ടില്ലെന്ന് നടിക്കുകയാണ് ഭരണകൂടങ്ങൾ. ഈ അക്രമികൾക്ക് എതിരെ കേസ് ചാർജ്ജ് ചെയ്യുന്നതിന് പോലീസ് ഉദ്യോഗസ്ഥൻ പലയിടങ്ങളിലും അമാന്തം കാട്ടുകയാണ്. അപ്പോൾ സുവിശേഷവിഹിത വിശ്വാസികൾ ഏത് പാർട്ടിക്കാണ് വോട്ട് രേഖപ്പെടുത്തേണ്ടത് എന്ന് ഉണർന്ന് ചിന്തിക്കണം.

**പെന്തെക്കോസ്ത്കാർക്ക് സ്വൈര്യമായി ജീവിക്കുന്നതിനും പരസ്യാരാധനകളും സുവിശേഷ യോഗങ്ങളും തടസ്സം കൂടാതെ നടത്തുന്നതിനും അനുവാദം ലഭിക്കുന്ന കേന്ദ്രമന്ത്രിസഭ ഉണ്ടാകുന്നവിധത്തിൽ വോട്ട് രേഖപ്പെടുത്തുന്നതിന് സുവിശേഷ വിഹിത വിശ്വാസികൾ തയ്യാറാകണം.**

"പൗരൻ എന്ന നിലയിൽ നാം രാജ്യത്തിനാണ് പ്രഥമ പരിഗണന നൽകേണ്ടത്. വോട്ടവകാശം വിനിയോഗിക്കുകയെന്നത് രാജ്യത്തോടുള്ള നമ്മുടെ കടമയാണ്".

❑

# പ്രതിസന്ധികളിൽ പ്രതീക്ഷ



**ജോർജ്ജ് ബഹനാൻ റ്റി.**
കൗൺസിലർ & തെറാപിസ്റ്റ്

**റ്റൊ**ബാഗോ എന്ന ദ്വീപിൽ കുറച്ചുകാലത്തേക്ക് മിഷനറി പ്രവർത്തനവുമായി എത്തിയതാണ് ആ മിഷനറി. ഏറ്റവുമവസാനത്തെ ദിവസം കുഷ്ഠരോഗികൾക്കുവേണ്ടിയുള്ള ഒരു പ്രാർത്ഥനായോഗമായിരുന്നു. ധാരാളം കുഷ്ഠരോഗികൾ അതിൽ സംബന്ധിച്ചു. "ഇവിടെ പാടാൻ നിങ്ങൾക്ക് ഇഷ്ടപ്പെട്ട പാട്ട് ഏതാണ്" മിഷനറി ചോദിച്ചു. അപ്പോൾ ഒരു സ്ത്രീ കൈപൊക്കി വളരെ വികൃതമായ മുഖമുള്ള സ്ത്രീ. അവർക്ക് ചെവിയുമില്ല മൂക്കുമില്ല എല്ലാം കുഷ്ഠരോഗം കവർന്നെടുത്തു. അവർക്ക് ചുണ്ടും ഇല്ല. പൊക്കിയ കൈകളിൽ വിരലുകൾ ഇല്ല. അതും മാരകമായ ആ രോഗത്തിന്റെ പിടിയിലായി. അവർ ചോദിച്ചു count your many blessings എന്ന പാട്ട് പാടാമോ.

മിഷനറി ആ പാട്ട് പാടുതുടങ്ങി. പക്ഷേ പാട്ട് പാടിതീർക്കാൻ സാധിച്ചില്ല. അത്രമാത്രം മിഷനറി വികാരനിർഭരനായി. പല അവയവങ്ങൾ മാരകമായ രോഗത്തിൽ അപ്രത്യക്ഷമായിട്ടും ആ സ്ത്രീയുടെ ഉള്ളിന്റെ ഉള്ളിൽ പ്രതീക്ഷയുടെ ധാരാളം മൊട്ടുകൾ വിരിയാനുണ്ട്. അതുകൊണ്ടാണ് അനുഗ്രഹങ്ങളെപ്പറ്റി അവർ എപ്പോഴും ചിന്തിക്കുന്നത്.

പ്രതീക്ഷകളില്ലാത്ത തലമുറയാണ് നമ്മുടെ ശാപം. കൗൺസിലിംഗിനെത്തുന്നവരുടെ പ്രതിസന്ധികളും തോൽവികളുമല്ല പ്രശ്നം. പ്രശ്നം അവരുടെ പ്രതീക്ഷയില്ലായ്മയാണ്. എനിക്ക് ജീവിതത്തെപ്പറ്റി ഒരു പ്രതീക്ഷയുമില്ല. ഇതാണ് ഭൂരിപക്ഷത്തിന്റെയും സ്ഥിരം പല്ലവി. പ്രതിസന്ധികൾ പല രൂപത്തിലും ഭാവത്തിലും എല്ലാവരുടെയും ജീവിതത്തിൽ ഉണ്ട്. ഇത് ചിലപ്പോൾ പ്രത്യക്ഷമാകാം. ചിലപ്പോൾ അപ്രത്യക്ഷമാകാം. പക്ഷേ പ്രതീക്ഷകൾ ഒരിക്കലും ജീവിതത്തിൽ നിന്നും അപ്രത്യക്ഷമാകരുത്. എവിടെ പ്രതീക്ഷകൾ ഇല്ലാതാക്കുന്നോ അവിടെ ജീവിതം അവസാനിക്കുന്നു.

പ്രതിസന്ധികൾ അവസാനമല്ല അത് തുടക്കമാണ്. പ്രതീക്ഷ കൈവെടിയാതിരുന്നാൽ പ്രതിസന്ധികൾ പ്രസ്ഥാനങ്ങളാവും അതാണ് ലോക ചരിത്രം, വ്യക്തികളുടെയും, പ്രതീക്ഷയുള്ളവർ മറ്റുള്ളവരെ കുറ്റം പറയില്ല. മറ്റുള്ളവരിലെ സാധ്യതകളെ അവർ കണ്ടെത്തും.

വിക്ടർ ഫ്രൈഡിനെപ്പറ്റി നിങ്ങൾ കേട്ടുകാണും. അദ്ദേഹം അമേരിക്കയിലെ ഒരു പ്രചോദനാത്മക സാഹിത്യകാരനാണ്. കുടുംബത്തിലെ അന്തരീക്ഷം ഫ്രൈഡിനെ പ്രതീക്ഷയില്ലാത്ത ആളാക്കി വളർത്തി. എല്ലാത്തിനും മറ്റുള്ളവരെയും, ദൈവത്തെയും കുറ്റപ്പെടുത്തുന്ന വ്യക്തിത്വമായി ഫ്രൈഡ് മാറി.

ഒരു ദിവസം ഫ്രൈഡ് കാറോടിച്ചു പോകുമ്പോൾ ഒരു മനുഷ്യൻ ഒരു പഴയ കസേര വഴിയരികിലുള്ള ചവർ വീപ്പയിൽ ഇടുന്ന കാഴ്ച കണ്ടു. ഫർണിച്ചർ ഉണ്ടാക്കുന്നതിൽ മിടുക്കനായിരുന്ന ഫ്രൈഡിന് ആ പഴയ കസേരയിൽ താല്പര്യം തോന്നി. വളരെ ചുരുക്കമായി കാണുന്ന ഒരു മോഡലായിരുന്നു അത്. ഈ കസേര എനിക്ക് തരുമോ? ഫ്രൈഡ് ചോദിച്ചു. അയാൾ ഫ്രൈഡിനുകൊടുക്കുന്നതിന് പകരം ആ കസേര ദേഷ്യത്തോടെ തല്ലിയൊടിച്ച് വീപ്പയിൽ ഇട്ടു. ഫ്രൈഡ് വളരെ ദുഃഖിതനായി.

ദൈവം എനിക്ക് എതിരാണ് എന്ന് ഫ്രൈഡിന് തോന്നി.

മാസങ്ങൾ കഴിഞ്ഞു. പ്രതീക്ഷകൾ ഇല്ലാത്ത നിരാശനായ ഫ്രൈഡ് നദിയിൽ ചാടി മരിക്കാൻ തയ്യാറായി. നദിക്കരയിൽ എത്തിയ ഫ്രൈഡിന്റെ മനസ്സിൽ പെട്ടെന്ന് വന്നത് കസേര തല്ലിയൊടിക്കുന്ന ചിത്രമായിരുന്നു. അതോടൊപ്പം ഫ്രൈഡ് ഒരു സ്വരവും കേട്ടു. നീ സ്വയം നശിപ്പിക്കാൻ പോവുകയാണെങ്കിൽ നിന്നെ എനിക്ക തരൂ. ഞാൻ നന്നാക്കി എടുത്തുകൊള്ളാം. അത് ഫ്രൈഡിൽ പ്രതീക്ഷയുടെ നാമ്പുകൾ ഉണ്ടാക്കി. എല്ലാം പൊടികളഞ്ഞ്, കേടുപാടുകൾ പോക്കുന്ന ദൈവമാണ് നമ്മുടേത് എന്ന ചിന്ത ഫ്രൈഡിൽ ഉണ്ടായി. പിന്നെ ഫ്രൈഡ് പുറകോട്ട് നോക്കിയിട്ടില്ല. പ്രതീക്ഷയിലൂടെ ഫ്രൈഡ് വളർന്നു. അറിയപ്പെടുന്ന പ്രചോദനാത്മകസാഹിത്യകാരനായി. അനേക ആളുകളിൽ പ്രതീക്ഷ വളർത്തികൊണ്ട്.

നമ്മുടെ ദൈനംദിന പ്രതിസന്ധികളും വഴിത്തിരിവുകളും ഇഷ്ടമില്ലാത്ത മാറ്റങ്ങളും നമുക്ക് പുത്തൻ പ്രതീക്ഷകൾ നൽകാനായി സൃഷ്ടിക്കപ്പെടുന്നതാണ്. അതുപയോഗിക്കണം.

ഇരുട്ടില്ലാത്ത ദിവസങ്ങളെപ്പറ്റി നമുക്ക് ചിന്തിക്കുവാൻ പറ്റുമോ? 24 മണിക്കൂറും പകലാണെങ്കിൽ ഇരുട്ടിന്റെ കറുപ്പ് നമുക്ക് പുത്തൻ പ്രതീക്ഷകൾ നല്കുന്നു. അതായത് നേരം വെളുക്കും എന്നതാണ് നമ്മുടെ പ്രതീക്ഷ. സന്ധ്യയിങ്കലോ കരച്ചിൽ വന്ന് രാപാർക്കും ഉഷസ്സിലോ ആനന്ദഘോഷം വരും.

മലമുകളിൽ പാറയുടെ ഇടയിൽ നില്കുന്ന വലിയ ഒരു മരം ധൈര്യത്തോടെ പറയുന്നു. സൂര്യൻ ചൂട് നൽകാൻ ഉള്ളിടത്തോളം ഞാൻ എല്ലാത്തിനേയും അതിജീവിക്കും. ഓരോ കാലത്തിലും കാറ്റ് ശക്തമായി അടിക്കും. ഓക്ക് മരത്തിന്റെ ശിഖരങ്ങൾ കാറ്റിൽ ശക്തിയായി ഉലയും. മഞ്ഞും മഞ്ഞുകട്ടയും ശിഖരങ്ങളെ വളച്ചൊടിക്കും. പക്ഷേ വസന്തത്തിൽ പ്രതീക്ഷയുടെ നാമ്പുകളും പൂക്കളും ഓക്കു മരത്തിൽ പ്രത്യക്ഷപ്പെടും. നീണ്ടു നിവർന്ന് വീണ്ടും ഓക്കു മരം പറയും. സൂര്യൻ ചൂട് നൽകാൻ ഉള്ളിടത്തോളം ഞാൻ നിൽക്കും.

വളർച്ചയുടെ രഹസ്യം പ്രതീക്ഷയാണ്. അമേരിക്കൻ കാർഡിയോളജിസ്റ്റ് പറയുന്നു. ഞാൻ ഉപയോഗിച്ച മരുന്ന് പ്രതീക്ഷയാണ്. പ്രതീക്ഷ എന്തും സുഖമാക്കും. ഒരു പ്രതീക്ഷയും ഇല്ലെന്ന് വ്യക്തിയെ മനസിലാക്കിയാൽ നിങ്ങൾ അയാളുടെ ശവപ്പെട്ടിയിൽ ഒരു ആണി കൂടി അടിച്ചെന്ന് സാരം.

പ്രതീക്ഷ ജീവനുള്ളതിന്റെ ലക്ഷണമാണ്. ആത്മഹത്യക്കുള്ള ഏക വിധി പ്രതീക്ഷയാണ്. പ്രതീക്ഷയുള്ളവർ മരിക്കില്ല.

മാഹാനായ "അലക്സാണ്ടർ ഒരു ദിവസം ഒരു പ്രധാനപ്പെട്ട യുദ്ധം നയിക്കാനായി പോകുന്നതിനു മുമ്പ് തന്റെ സുഹൃത്തുക്കൾക്ക് ധാരാളം വിലപിടിപ്പുള്ള സമ്മാനങ്ങൾ നൽകി. താൻ ഏറ്റവും വിലപ്പെട്ടതെന്ന് കരുതിയതു പോലും മറ്റുള്ളവർക്ക് കൊടുത്തു. ഇനി ഒന്നും ബാക്കിയില്ലല്ലോ" ശരിയാണ് പക്ഷേ എനിക്ക് ഒന്ന് ബാക്കിയുണ്ട്. 'പ്രതീക്ഷ' അതായിരുന്നു അലക്സാണ്ടറിന്റെ ഏറ്റവും വലിയ ശക്തിയും മഹത്വവും.

പ്രത്യാശയില്ലാത്ത ഒരു ജീവിതസാഹചര്യവും ലോകത്തിലില്ല. പക്ഷേ മനുഷ്യമനസുകളിലാണ് പ്രത്യാശ ഇല്ലാത്തത്. അതുകൊണ്ട് ഒരു സാഹചര്യത്തെയും കുറ്റം പറയരുത്.

എല്ലാ സാഹചര്യങ്ങളിലും അനന്തസാധ്യതകൾ ഉണ്ട്. പക്ഷേ പ്രത്യാശ ഉള്ളിലുള്ളവർക്കേ ഈ അനന്ത സാധ്യതകൾ കാണാൻ കഴിയൂ. ഈ സാർവ്വലൗകിക സത്യം അല്പം പോലും ഉൾകൊള്ളാത്തതാണ് നമ്മുടെ പ്രശ്നം. മറ്റുള്ളവരിൽ പ്രതീക്ഷയുണ്ടാക്കുന്നതാണ് ഒരാളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം. അതാണ് ഒരാളുടെ ഏറ്റവും വലിയ സ്വത്ത്. പ്രതീക്ഷ നന്മകൾ ഉണ്ടാക്കും.

ജീവിതത്തിൽ പ്രതീക്ഷയുള്ളവർ സദാ ചാരോത്മകമായിരിക്കും. അവർ ചെയ്യുന്ന ഏതു ജോലിയും അവർക്ക് ഹരമാകും.

നാലുപതിറ്റാണ്ടുകൊണ്ട് അയ്യായിരത്തി അഞ്ഞൂറു കണ്ണുകൾ ശേഖരിച്ചു നൽകി ഇരുളടഞ്ഞ മിഴികൾക്ക് വെളിച്ചമേകിയ ശ്രീലങ്കൻ ഡോക്ടറെപ്പറ്റി കേട്ടുകാണും. രാജ്യാന്തരവേദിയിൽ പ്രശസ്തനായ ഡോ. ഹഗ്സൺ സിൽവിയാണ് അത്. മരിച്ചു കഴിഞ്ഞാൽ കണ്ണുകൾ ദാനം ചെയ്യുന്നതു ശ്രീലങ്കക്കാർക്കിടയിൽ ഒരു ശീലമാക്കി മാറ്റാൻ ഹഗ്സണ് കഴിഞ്ഞു.

1964 മെയ് 25 ന് ആറു കണ്ണുകൾ ആദ്യമായി സിംഗപ്പൂരിലേക്ക് കയറ്റി അയച്ചു.അത് ഇന്റർ നാഷണൽ ഐ ബാങ്കായി വളർന്നു. സ്വന്തം അമ്മയുടെ കണ്ണുകൾ ഏറ്റുവാങ്ങി ആരംഭിച്ച നേത്രദാന പ്രസ്ഥാനം ലോകം മുഴുവൻ വളർന്നു പന്തലിച്ചു. ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് കൊളംബോയിലുള്ളത്. ഒരു മിനിട്ടുപോലും വിശ്രമിക്കാൻ ഹഗ്സന് സാധിക്കില്ല, കാരണം 62 രാജ്യങ്ങളിൽ 17 നഗരങ്ങളിലാണ് ഹഗ്സന്റെ പ്രവർത്തന മേഖല ഈ പ്രസ്ഥാനത്തിനു വേണ്ടി ഹഗ്സൺ ധാരാളം കഷ്ടപ്പെട്ടു. പട്ടിണി കിടന്നു. രാജ്യാന്തര അവാർഡുകളും അഞ്ച് ഡോക്ടറേറ്റും ഹഗ്സന് ലഭിച്ചിട്ടുണ്ട്. പ്രതീക്ഷ നിറഞ്ഞു കവിയുന്ന ഹഗ്സനെയാണ് നാം ഇവിടെ കാണുന്നത്. പ്രതീക്ഷയുണ്ടെങ്കിൽ പിന്നെ അത് ലോകത്തിന്റെ നന്മയിലേക്കുള്ള തീർത്ഥയാത്രയാകും. ഓർക്കുക ഈ ഹഗ്സൺ ഒരു ക്യാൻസർ രോഗികൂടിയാണ്. നീണ്ട കഷ്ടപാടും അലച്ചിലുമാകാം ഇതിനു കാരണം. പക്ഷേ ലക്ഷകണക്കിന് ആൾക്കാർക്ക് പ്രതീക്ഷ നൽകികൊണ്ട് ഒരു ഇതിഹാസമാകുന്നു. ഡോ. ഹഗ്സൺന്റെ വാക്കുകൾ തന്നെ വായിക്കുക. ഞാൻ എന്തെങ്കിലും ചെയ്തു എന്ന് അവകാശപ്പെടുന്നില്ല. പക്ഷേ ഇരിക്കാൻ നേരമില്ല. കൃഷ്ണമണിയുടെ സ്ഥാനത്ത് പോളകൾ അടഞ്ഞ് കുഴികൾ മാത്രമുള്ള ലക്ഷകണക്കിന് മുഖങ്ങളാണ് മുന്നിലുള്ളത്. അതിൽ ഒരാൾക്ക് കാഴ്ചകൊടുക്കാൻ സാധിച്ചാൽ മതി. എന്റെ രോഗം അതിന്റെ വഴിക്ക് പോകട്ടെ. അതിന് എന്നെ തോല്പിക്കാൻ ആവില്ല. കാരണം ഞാൻ വിശ്രമിക്കുന്നില്ല. ഇതാണ് പ്രതീക്ഷയുടെ വാക്കുകൾ.

പ്രതീക്ഷ ഇല്ലാത്ത വ്യക്തികളും കുടുംബാഗംങ്ങളും ഇഞ്ചിഞ്ചായി മരിക്കും. കാരണം ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷയാണ് വർത്തമാന കാലത്ത് അർത്ഥവത്തായി ജീവിക്കാൻ ശക്തിയും ആവേശവും നല്കുന്നത്. അപ്പോൾ പ്രതീക്ഷയില്ലാത്തവർ ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചുകൊണ്ടിരിക്കുന്നവരാണ്.

പ്രതീക്ഷ സാധാരണക്കാരെ അസാധാരണക്കാരാക്കും അതാണ് സുലേഖയുടെ കഥ. മൂലമറ്റം ബസ്സ്റ്റാൻഡിലെ തട്ടുകടയിൽ നിന്നും സുലേഖ അബ്ദുൽകരീം ലക്ഷാധിപതിയായി വളരുന്നത് പ്രതീക്ഷകൊണ്ടാണ്. മൂന്നു മക്കളടങ്ങിയ കുടുംബത്തെ പോറ്റാൻ സുലേഖ ജീവിക്കാൻ തന്നെ തീരുമാനിച്ചു. വീട്ടിലെ എട്ടു മക്കളിൽ മൂത്തവൾ. സാമ്പത്തിക ബുദ്ധിമുട്ട് മൂലം അഞ്ചാംക്ലാസിൽ പഠനം മതിയാക്കി. പിന്നെ വീട്ടുജോലി. പതിനാറാം വയസ്സിൽ കല്യാണം. പിന്നെ മൂന്ന് മക്കളുടെ അമ്മ. പുലർച്ചെ അഞ്ചു മണിക്ക് ഇടിയപ്പം പല ഹോട്ടലുകളിലും എത്തിക്കണം. അവസാനം വികാസ് ക്രെഡിറ്റ് സൊസൈറ്റി സുലേഖയുടെ അധ്വാനം കണ്ട് അയ്യായിരം രൂപ കടംകൊടുത്തു. ഒരു ഉന്തുവണ്ടി വാങ്ങി അതിൽ വിഭവസമൃദ്ധമായ തട്ടുകട തുടങ്ങി. വരുമാനം കൂടി. മക്കളെയെല്ലാം വിദ്യ അഭ്യസിപ്പിച്ചു. പക്ഷേ തട്ടുകടയിലേക്ക് ഒരു അവാർഡ് വന്നു ചേർന്നു. മികച്ച സംരംഭകയ്ക്കുള്ള രാഷ്ട്രത്തിന്റെ അവാർഡ്. അഞ്ചാം ക്ലാസ് മാത്രം വിദ്യാഭ്യാസമുള്ള സുലേഖയുടെ ബിരുദം പ്രതീക്ഷയായിരുന്നു. പക്ഷേ സുലേഖയ്ക്ക് വിശ്രമമില്ല. മൂലമറ്റത്ത് ഒരു ഹോട്ടൽ തുടങ്ങണം. തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ക്ലാസുകൾ എടുക്കുന്ന ധൃതിയിലാണവർ. സുലേഖയുടെ മുമ്പിൽ പ്രതിസന്ധികൾ മാത്രമേയുള്ളായിരുന്നു. പക്ഷേ ഇന്ന് അവരുടെ തട്ടുകടയിൽ എന്തുവാങ്ങിച്ചാലും അതോടൊപ്പം സൗജന്യമായി കൊടുക്കുന്ന ഒരു സാധനമുണ്ട് പ്രതീക്ഷ!

ചാൾസ് അലൻ എന്ന സുപ്രസിദ്ധ ക്രിസ്തീയ എഴുകാരൻ തന്റെ Life more abundant എന്ന ഗ്രന്ഥത്തിൽ ഒരു ഹാരിയുടെ അനുഭവം പറയുന്നുണ്ട്. ഏഴു വയസ്സുള്ളപ്പോൾ ഹാരിക്ക് റുമാറ്റിക് ഫീവർ പിടിപെട്ടു. അതോടൊപ്പം കഠിനമായ ആർത്രൈറ്റീസും. ഒരു ദിവസം ഹാരി വീൽചെയറിൽ നിന്നും വീണു വീട്ടിൽ മാതാപിതാക്കൾ ഇല്ലായിരുന്നു. സ്വയം എഴുന്നേൽക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചല്ല. ആ കിടപ്പിൽ ഹാരി കിടന്നു. അവന്റെ പ്രാർത്ഥന ദൈവം കേട്ടു. പോസ്റ്റുമാൻ പുറത്തു വന്നത് ഹാരി അറിഞ്ഞു. ഹാരി പോസ്റ്റുമാനെ ഉറക്കെ വിളിച്ചു. പോസ്റ്റുമാൻ ഹാരിയെ പൊക്കി

യെടുത്തു.വീൽ ചെയറിൽ ഇരുത്തി തോളിൽ തട്ടി പറഞ്ഞു. : ഹാരി, ദൈവത്തിന് എല്ലാം സാദ്ധ്യം (മർക്കൊ. 10:27). ഹാരിയുടെ ഹൃദയ ത്തിൽ പോസ്റ്റുമാന്റെ വാക്കുകൾ പ്രത്യാശയുടെ തീക്കനലുകളായി. അത് ഹാരിയിൽ പ്രത്യാശ യുടെ തീജ്വാലകളായി.

ക്രിസ്തുമസ് കാർഡുകൾ പെയിന്റ് ചെയ്യാൻസുഹൃത്തുക്കൾ ഹാരിയെ പ്രോത്സാ ഹിപ്പിച്ചു. ഹാരി അതേറ്റെടുത്തു. ഒരു വർഷം ഹാരി 800 കാർഡുകൾ പെയിന്റ് ചെയ്തു. ഹാരി തന്റെ ചെറിയ വീട് പണയം വെച്ച് 2800 ഡോളർ സംഘടിപ്പിച്ച്. ആയിരം ഡോളർ കടം വാങ്ങിച്ച് വിപുലമയ രീതിയിൽ കാർഡുകൾ പെയിന്റ് ചെയ്തു. അമ്മ ഹാരിയോട് ചോദി ച്ചു. നീ ഈ കാർഡുകൾ വിറ്റില്ലെങ്കിൽ എന്തു ചെയ്യും. ഹാരി പറഞ്ഞു അമ്മേ ദൈവത്തിന് എല്ലാം സാദ്ധ്യം. ആ വർഷം ഹാരി കാർഡു കൾ പെയിന്റ് ചെയ്ത് ഒരു മില്യൻ ഡോളർ ഉണ്ടാക്കി. കടമെല്ലാം വീട്ടി വീട് തിരിച്ചെടുത്തു ചാൾസ് അലൻ പറയുന്നു ഹാരി എന്ന സാധാ രണക്കാരൻ വിശ്വാസം നൽകിയ പ്രതീക്ഷ അഥവാ പ്രത്യാശയിലൂടെ അത്ഭുതങ്ങൾ സൃഷ്ടിച്ചു.

ദൈവവിശ്വാസം നൽകുന്ന പ്രതീക്ഷ യാണ് ഒരു മനുഷ്യന് അന്തിമമായും വിജയം നൽകുന്നത്. ആ പ്രതീക്ഷ ഒരിക്കലും വറ്റിപോ വുകയില്ല. അതിന് വിശ്വാസത്തിന്റെ വിഭവശേ ഷിയുണ്ട്.

നമ്മുടെ ജീവിതത്തിലും സ്ഥാപനങ്ങ ളിലും ധാരാളം സാധ്യതകൾ നമുക്കുണ്ട്. അതൊന്നും നമുക്കുപയോഗിക്കാൻ പറ്റുന്നില്ല. പലരും പലവർഷങ്ങൾ അധികാരത്തിൽ ഇരി ക്കുന്നു. പക്ഷേ ഒന്നും ചെയ്യുന്നില്ല. കാരണം പ്രതീക്ഷയില്ല.

മരണാസന്നരായിക്കിടക്കുന്നവർക്കും ആവശ്യമുള്ളത് പ്രതീക്ഷയാണ്. പ്രതീക്ഷയു ള്ളവരും മരിക്കും, വിജയശ്രീലാളിതരായി!!! ❑

---

*5-ാം പേജിൽ നിന്നും തുടർച്ച....*

ഇതിന് ഉദാഹരണമാണ്.

ഭരണഘടനയിലെ ആർട്ടിക്കിൾ 25 ഉറപ്പ് നൽകുന്ന മതസ്വാതന്ത്ര്യം വളരെ ശ്രേഷ്ഠമായ പൗരാവകാശമാണ്. താൻ വിശ്വസിക്കുന്ന ഏതൊരു ധർമ്മവും അനുഷ്ഠിക്കാനും പ്രചരിപ്പിക്കുവാനും (To Profess, To Practice & To Propagate one's faith) ഓരോ പൗരനും ഭരണഘടന അവകാശം നൽകുന്നു. ഈ മൗലിക അവകാശം ചോദ്യം ചെയ്യപ്പെടുന്ന തരത്തിലുള്ള സംഭവങ്ങൾ അടുത്തിടെയായി കൂടിവരികയാണ്. **ക്രൈസ്തവരുടെ താത്പര്യ ങ്ങൾ സംരക്ഷിക്കുന്ന രാഷ്ട്രീയ പാർട്ടിക്ക് വോട്ടു നൽകുന്നതിൽ ഓരോ ക്രൈസ്ത വനും രണ്ടാമതൊന്ന് ചിന്തിക്കേണ്ടതില്ല.**

### ദൈവസഭയുടെ പ്രത്യാശ

ദൈവസഭയുടെ കാന്തനായ യേശുക്രിസ്തു രാജാധിരാജാവാണ്. *ഉന്നതന്നു മീതെ ഒരു ഉന്നതനും അവർക്കു മീതെ അത്യുന്നതനും ജാഗരിക്കുന്നു* (സഭാ.5: 8). ഭരണാധികാരികളെ നിയമിക്കുകയും നീക്കുകയും ചെയ്യുന്നത് യഹോവയാം കർത്താവാണ്. പഴയനിയമ യിസ്രായേലിന്റെ ചരിത്രം മാത്രം പഠിച്ചാൽ മതി ഇത് ബോധ്യ മാകുവാൻ. പീഢകന്റെ കയ്യിൽ വടികൊടുക്കു ന്നതും അവിടുന്ന് തന്നെയാണ്. രക്തസാക്ഷി കളുടെ രക്തം സഭയുടെ വിത്താകുന്നു എന്ന് സഭാപിതാവായ തെർത്തുല്യൻ പറഞ്ഞതു പോലെ പീഢകൾ ഏറ്റ് വാങ്ങി വളർന്ന ചരിത്രമാണ് ദൈവസഭയ്ക്കുള്ളത്. ശ്രീ രാജാ ജിയും ഇതിന് സമാനമായ ഒരു പ്രസ്താവന നടത്തിയിട്ടുണ്ട്. Christians are like bedbugs; Do not crush them, they will multiply എന്നാണദ്ദേഹം പറഞ്ഞത്.

### *വാൽക്കഷണം*

*സഭാ തെരഞ്ഞെടുപ്പുകളിൽ വില കുറഞ്ഞ രാഷ്ട്രീയവും (Nasty Poli-Tricks) കാലുവാരലും നടത്തുന്നവർ ജാഗ്രതൈ. നിങ്ങൾ വലിയ വിലയാണ് നൽകേണ്ടി വരിക* ❑


ചെറുകഥ

# കുരുവിയും കുരുവികളും

പേരൂർക്കട ഐസക്

പണ്ടൊരിക്കൽ ഒരു കാട്ടിൽ ഒരു പറ്റം കുരുവികൾ ഒരു വലിയ മരത്തിന്റെ ചില്ലയിൽ കൂടുകെട്ടി പാർത്തിരുന്നു. ഒരു ദിവസം കുരുവികളുടെ കൂട്ടത്തിലുണ്ടായിരുന്ന നരച്ച തലയുള്ള കുരുവി ഒരു കാര്യം കണ്ടുപിടിച്ചു. അത് മറ്റൊന്നുമല്ല. കുരുവികൾ പാർത്തിരുന്നമരത്തിന്റെ ചുവട്ടിലുള്ള ഒരു പൊത്തിൽ ഒരു മരംകൊത്തിയുള്ള വിവരം.

മറ്റു കുരുവികളെ വിളിച്ചു ചേർത്തട്ട് തലനരച്ച കുരുവി പറഞ്ഞു: "കൂട്ടുകാരേ, താഴെയുള്ള മരംകൊത്തിയെ സൂക്ഷിക്കണം. അവൻ അപകടകാരിയാണ്. അവന്റെ ഉച്ചത്തിലുള്ള ശബ്ദംകേട്ട് വേട്ടക്കാർ എത്തും. അവർ നമ്മെ കണ്ടുപിടിച്ചാൽ കഥകഴിഞ്ഞതു തന്നെ"



'ആ പാവം മരംകൊത്തി അവിടെ കഴിഞ്ഞുകൊള്ളട്ടെ. അവൻ വിചാരിച്ചാൽ നമ്മെ എന്തു ചെയ്യാനാവും?" കൂട്ടത്തിൽ വിപ്ലവകാരിയായ ഒരു കുരുവി നിസ്സാരമട്ടിൽ പറഞ്ഞു. എണ്ണത്തിൽ കൂടുതൽ നമ്മളാ. ഏകനായ മരംകൊത്തി നമുക്കു പ്രശ്നമേയല്ല. കൂടുതൽ മൂത്താൽ അവനെ നമുക്കോടിക്കാം" മിതവാദിയായ മറ്റൊരു കുരുവി അഭിപ്രായപ്പെട്ടു.

അഭിപ്രായങ്ങൾ നീണ്ടുപോയി. അക്ഷമനായ തലനരച്ച കുരുവി പറഞ്ഞു:

"എനിക്കു പറയാനുള്ളത് ഞാൻ പറഞ്ഞു. ഇനി നിങ്ങളുടെയൊക്കെ ഇഷ്ടം" അത്രയും പറഞ്ഞിട്ട് തലനരച്ച കുരുവി തന്റെ വഴിക്കു പോയി. ആ പോക്കു കണ്ട് മറ്റു കുരുവികൾ പരിഹസിച്ചു ചിരിച്ചു.

മരംകൊത്തിയുടെ ശബ്ദം നാൾക്കുനാൾ ഉച്ചത്തിലായിക്കൊണ്ടിരുന്നു. ഒരു ദിവസം ഒരു പക്ഷിവേട്ടക്കാരൻ മരംകൊത്തിയുടെ ശബ്ദം കേൾക്കാനിടയായി. ശബ്ദം കേട്ട ഭാഗത്ത് അയാൾ വേഗം എത്തിച്ചേർന്നു. മരത്തിൽ അയാൾ വലിഞ്ഞുകയറി. കുരുവികളുടെ കൂട് കണ്ടുപിടിച്ചു.

ഇന്നത്തെ കണി കൊള്ളാം. എത്ര കുരുവികളായിരിക്കും നാളത്തെ പ്രഭാതത്തിൽ എനിക്ക് സ്വന്തമാകുക. ആഹ്ലാദത്തോടെ അയാൾ വലവിരിച്ചു. സന്തോഷവാനായി വീട്ടിലേക്കു നടന്നു. സായാഹ്നത്തിൽ കുരുവികൾ

എത്തി. പാവം കുരുവികൾ. അവ വന്നു പെട്ടത് വേട്ടക്കാരന്റെ വലയ്ക്കുള്ളിയാലിയരുന്നു.

വേട്ടക്കാരന്റെ വലയ്ക്കുള്ളിൽ അകപ്പെട്ട കുരുവികൾ. കാലുകൾ ഇട്ടടിച്ച് പുറത്തു കടക്കാൻ പഠിച്ച പണി പതിനെട്ടും പയറ്റി നോക്കി. നിരാശരും ക്ഷീണിതരുമായിത്തീർന്ന അവർ തലനരച്ച കുരുവിയോട് തങ്ങളെ രക്ഷിക്കാൻ താണുവീണു കേണു.

"എന്റെ മുന്നറിയിപ്പ് നിങ്ങൾ കേട്ടില്ല., അവസാനം അപകടത്തിൽ വന്നുചാടി. ഇനി ബാക്കികാര്യം നിങ്ങൾ തന്നെ നോക്കികൊള്ളണം. എനിക്കോ വയസ്സായി. ജീവിതത്തിന്റെ മുക്കാൽഭാഗവും കടന്നുപോയി. മരിക്കാൻ എനിക്കൊട്ടും ഭയവുമില്ല" തലനരച്ച കുരുവി ശാന്തനായി പറഞ്ഞു.

"അയ്യോ അങ്ങനെ പറയരുത്. ഞങ്ങളെ കൈവിടരുത്. ഞങ്ങളുടെ അവിവേകം പൊറുക്കണം." എല്ലാ കുരുവികളും ഒരേസ്വരത്തിൽ പറഞ്ഞു. അവർ തലനരച്ച കുരുവിയുടെ കാൽക്കൽ കുമ്പിട്ടു കരഞ്ഞു.

"വന്ദിച്ചവനെ നിന്ദിക്കരുത് എന്നൊരു ചൊല്ലുണ്ട്. അതുകൊണ്ട് ഞാൻ ഈ പ്രാവശ്യം നിങ്ങളെ രക്ഷിക്കാം. ഞാൻ പറയുന്നതുപോലെ നിങ്ങൾ ചെയ്യണം."

"എന്തുവേണമെങ്കിലും ചെയ്യാം" കുരുവികൾ ഏകസ്വരത്തിൽ പറഞ്ഞു.

തലനരച്ച കുരുവി പറഞ്ഞു: "നാളെ രാവിലെ വേട്ടക്കാരൻ വരുമ്പോൾ നമ്മളൊക്കെ ചത്തതുപോലെ അനക്കമില്ലാതെ കിടക്കണം വേട്ടക്കാരൻ ഓരോ കുരുവിയേയും എടുക്കും. ചത്തതാണെന്നു കാണുമ്പോൾ ദൂരേക്ക് എറിയും. അങ്ങനെ എറിയുന്ന നമ്മൾ തറയിൽ ചലനമറ്റു കിടക്കണം. അവസാന കുരുവിയേയും വലിച്ചെറിഞ്ഞു കഴിഞ്ഞു എന്നു ബോദ്ധ്യം വരുമ്പോൾ നാം ഒന്നിച്ച് പറന്നുയരും"

പിറ്റേന്നു പ്രഭാതത്തിൽ ചുണ്ടിലൊരു മൂളിപ്പാട്ടുമായി പക്ഷി വേട്ടക്കാരൻ എത്തി.

അയാൾ മരത്തിൽ കയറി വലയിൽ കുടിങ്ങിക്കിടക്കുന്ന കുരുവിക്കൂട്ടങ്ങളെ കണ്ടു സന്തോഷിച്ചു. പക്ഷേ, ആ സന്തോഷം അധികസമയം നീണ്ടുനിന്നില്ല. വലയിൽ കുടുങ്ങിയ കുരുവികൾ എന്തോകാരണത്താൽ അനക്കമില്ലാതെ കിടക്കുന്നതായി അയാൾ കണ്ടു. അയാൾ ഓരോ കുരുവിയേയും കൈയിലെടുത്തു പരിശോധിച്ചശേഷം ചത്തെന്നു കരുതി കുരുവികളെ ദൂരേക്ക് അരിശത്തോടെ വലിച്ചെറിഞ്ഞു. ഒന്ന് രണ്ട് മൂന്ന് എന്നിങ്ങനെ അവസാനത്തെ കുരുവിയേയും ദൂരേക്ക് വലിച്ചെറിയപ്പെട്ടു.

അപ്പോൾ അതാ ചത്തെന്നു കരുതിയ കുരുവികൾ കൂട്ടത്തോടെ ആകാശത്തേക്ക് പറന്നുയരുന്നു.



തന്നെ പറ്റിച്ച കുരുവികളെ നിർന്നിമേഷനായി നോക്കി നിൽക്കാനേ ആ പാവം പക്ഷിവേട്ടക്കാരനു കഴിഞ്ഞുള്ളൂ.

**"നരച്ച തലയെ ബഹുമാനിക്കണം."**

❑

# തകരുന്ന പൊൻകിണ്ണം

(സഭാപ്രസംഗി 12)

വൃത്തം - കേക



പാസ്റ്റർ സഹായദാസ്

**യൗ**വ്വനം വ്യർത്ഥം വ്യർത്ഥം-
ആ ദിനം വേഗം മാറും,
ദുർദിനം ശീഘ്രം എത്തും-
ക്ലേശവും ദുരന്തവും.

ഇന്ദ്രന്റെ ഒളിയതോ-
ചന്ദ്രന്റെ പ്രകാശവും
നക്ഷത്ര സമൂഹവും-
മങ്ങിടും ദിനം വരും.

മാരിയോ കഴിഞ്ഞുടൻ-
മേഘങ്ങൾ മടങ്ങിടും,
ആ ദിനം വരും മുമ്പേ-
ഈശനെ അറിയുക.

യുവത്വ വരദാനം-
ബലിഷ്ഠകായമതും,
വാർദ്ധക്യം പ്രാപിക്കുമ്പോൾ-
ക്ഷീണിച്ചു തളരുന്നു.

സദന കാവൽക്കാരാം-
കാലുകൾ വിറയ്ക്കുന്നു,
നട്ടെല്ലാം ബലവാനും-
ക്ഷീണിച്ചു കുനിയുന്നു.

അരയ്ക്കാൻ ദന്തങ്ങളോ-
വിരളമതിനാലെ,
ഭോജനപ്രിയന്മാരോ-
നൈരാശ്യം പൂണ്ടിടുന്നു.

പ്രകൃതി സൗന്ദര്യവും-
പൂവിന്റെ ഭംഗിയതും,
കാണുന്ന നയനത്തിൻ-
കാഴ്ചയും മങ്ങിടുന്നു.

തെരുവിൻ കതകുകൾ-
അടയുമതിനാലെ,
കേൾവിയും ദിനം ദിനം-
കുറവായ് ഭവിക്കുന്നു.

അരയ്ക്കുന്നവന്റെയോ-
ശീഘ്രത ക്ഷയിക്കുന്നു,
പക്ഷികൾ ശബ്ദം പോലും
ഉറക്കം കെടുത്തുന്നു.

പാട്ടുകാർ തളരുന്നു-
തൊണ്ടയും ഇടറുന്നു,
പാട്ടിങ്കൽ താളഭംഗം-
വാക്കതിൽ പതർച്ചയും.

കയറ്റം കണ്ടാൽ പേടി-
നിലയ്ക്കും ആത്മവീര്യം,
വഴിയിൽ കടക്കുമ്പോൾ-
ദേഹവും കിതയ്ക്കുന്നു.

പൂക്കും പോൽ ബദാം വൃക്ഷം-
നരയോ ബാധിച്ചിടും,
കാൽമുട്ടിൽ ഇഴയുന്നു-
മോഹങ്ങൾ വിഫലവും.

രോചനക്കുരുവിന്റെ-
ശക്തിയോ ഫലിക്കില്ല,
രോഗവും അഥിനാലെ-
ഏറിടും ദുരന്തവും.

അറ്റുപോം വെള്ളിചര-
ടതുപോൽ ബലഹീനം,
നാഡിയും ഞരമ്പതും-
തകരും പൊൻകിണ്ണവും.

ദഹനം നിലയ്ക്കുന്നു-
ദാഹമോ യേറിടുന്നു,
ഉടയും കുടമതാൽ-
ദേഹമോ ബലഹീനം.

ഹൃത്തിന്റെ സ്ഥിതിയതും-
തകരും കിണറ്റിലെ,
ചക്രത്തിൻ തകർച്ച പോൽ-
ജീവനും വെടിഞ്ഞിടും.

*ശേഷം 17-ാം പേജിൽ കാണുക*



# ഐശ്വര്യമുള്ള ഐശ്വര്യ



ബേബി ജോർജ്ജ്

**ഒ**രിടത്ത് അനാഥയായ ഒരു പെൺകുട്ടിയുണ്ടായിരുന്നു. സുന്ദരിയായിരുന്ന അവളെ വിധവയായ ഒരു അയൽക്കാരി എടുത്തു വളർത്തി ഐശ്വര്യ എന്ന് പേരിട്ടു. പാവപ്പെട്ട ഒരു കുടുംബമായിരുന്നു അവരുടേത്. കൂലിവേല ചെയ്താണ് അവർ അഹോവൃത്തി കഴിച്ചത്.

ചെറുപ്പം മുതൽ ഐശ്വര്യ എന്തെങ്കിലും ജോലി ചെയ്യുന്നത് പതിവായിരുന്നു. വളർത്തമ്മ കൂലിവേലയ്ക്ക് പോകുമ്പോൾ അവൾവീട്ടുജോലികൾ ചെയ്തുതീർക്കും. ഇടയ്ക്ക് അവൾ നെയ്ത്ത് അഭ്യസിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ നെയ്ത്തിൽ അസാമാന്യമായ കഴിവ് അവൾ നേടിയെടുത്തു. നെയ്ത്തിൽ നിന്നുള്ള വരുമാനം മാത്രം നിത്യചിലവിനു മതിയാകുമെന്ന് കണ്ടപ്പോൾ പ്രായം ചെന്നവളർത്തമ്മയെ കൂലിവേലക്കു പോകുവാൻ അവൾ അനുവദിച്ചില്ല. അമ്മയ്ക്ക വേണ്ടതെല്ലാം നൽകി അവൾ നന്നായി ശുശ്രൂഷിച്ചു.

ഐശ്വര്യക്ക് പതിനഞ്ച് വയസ്സുള്ളപ്പോൾ അവളുടെ വളർത്തമ്മ മരിച്ചു. അതിനു ശേഷം അവൾ തനിയെ വീട്ടിൽ താമസിച്ചു. ഒറ്റക്ക് താമസം തുടങ്ങിയതോടുകൂടി ജോലിയിൽ അവൾ കൂടുതൽ ശ്രദ്ധിച്ചു. നെയ്തെടുക്കുന്ന തുണികൾ കൂടുതൽ മേന്മയുള്ളവയായിരിക്കണമെന്ന് അവൾക്കു നിർബന്ധമുണ്ടായിരുന്നു. നല്ല തുണികളാണ് ഐശ്വര്യ നെയ്തെടുക്കുന്നതെന്ന പ്രചാരണം വർദ്ധിച്ചപ്പോൾ അവ വാങ്ങാൻ ധാരാളം ആളുകൾ വീട്ടിൽ വന്നുകൊണ്ടിരുന്നു. വീടും പരിസരവും അത്യധികം ശുചിയായി സൂക്ഷിക്കാനും വീട്ടിൽ വരുന്നവരെ അനുയോജ്യമായി സൽക്കരിക്കാനും അവൾ പ്രത്യേകം ശ്രദ്ധിച്ചു. ഐശ്വര്യ നെയ്യുന്ന വസ്ത്രങ്ങൾക്ക് ആവശ്യക്കാർ ധാരാളം ഉണ്ടായിരുന്നതിനാൽ നല്ല വിലയും അവയ്ക്ക് കിട്ടി. വരുമാനം വർദ്ധിച്ചപ്പോൾ അവളുടെ സാമ്പത്തിക നിലയും മെച്ചപ്പെട്ടു. അതോടുകൂടി അവൾ ഐശ്വര്യമുള്ള ഒരു യുവതിയായി പ്രദേശങ്ങളിലെല്ലാം അറിയപ്പെട്ടു.

അങ്ങനെയിരിക്കുമ്പോൾ അവിടത്തെ രാജാവിന്റെ മകൻ തനിക്ക് അനുയോജ്യമായ ഒരു ഭാര്യയെ തിരഞ്ഞെടുക്കുന്നതിനുവേണ്ടി രാജ്യത്ത് എല്ലായിടവും സഞ്ചരിച്ചു. മകന്റെ ഭാര്യ സമ്പന്നയായിരിക്കണമെന്നായിരുന്നു രാജാവിന്റെ ആഗ്രഹം. ഐശ്വര്യമുള്ള ഭാര്യ സമ്പന്നമായിരിക്കുമെന്നായിരുന്നു മകന്റെ വിശ്വാസം. അതുകൊണ്ട് തന്റെ ഭാര്യ ധനികയോ പാവപ്പെട്ടവളോ ആയിക്കൊള്ളട്ടെ. ഐശ്വര്യമുള്ളവളായിരിക്കണമെന്ന് മകന് നിർബന്ധമുണ്ടായിരുന്നു. പക്ഷെ, ഐശ്വര്യമുള്ള ഒരു യുവതിയെ കണ്ടെത്താൻ എളുപ്പമായിരുന്നില്ല. രാജകുമാരൻ ഐശ്വര്യയുടെ ഗ്രാമത്തിലെത്തി.പ്പോൾ അവിടത്തെ ഏറ്റവും വലിയ ധനികന്റെ ബംഗ്ലാവിലേക്കാണ് ഉദ്യോഗസ്ഥന്മാർ അയാളെ കൂട്ടിക്കൊണ്ടുപോയത്. ധന

വാന്റെ മകൾ അതീവ സുന്ദരിയായിരുന്നു. വില പിടിപ്പുള്ള വസ്ത്രങ്ങളാണ് അവൾ ധരിച്ചിരുന്നത്. അവളുടെ കുടുംബാംഗങ്ങൾ വളരെയേറെ ആർഭാടത്തോടുകൂടി അയാളെ സ്വീകരിക്കുകയും ചെയ്തു. എങ്കിലും അവൾ അലസമായി ജീവിതം നയിക്കുന്ന ഒരു യുവതി ആയിട്ടാണ് രാജകുമാരന് അനുഭവപ്പെട്ടത്. അതിനാൽ അവൾ തന്റെ ഭാര്യയായിരിക്കാൻ അനുയോജ്യമല്ലെന്ന് പറഞ്ഞ് അയാൾ മടങ്ങിപ്പോന്നു.

അവിടുത്തെ ഏറ്റവും പാവപ്പെട്ട യുവതിയുടെ വീടാണ് രാജകുമാരൻ പിന്നീട് അന്വേഷിച്ചത്. ഐശ്വര്യയുടെ വീട്ടിലേക്കാണ് നാട്ടുകാർ അയാളെ കൂട്ടികൊണ്ടുപോയത്. ചെറുതാണെങ്കിലും ആ വീടും പരിസവരും അങ്ങേയറ്റം ശുചിയുള്ളതായി അയാൾ കണ്ടു. ലളിതമായി വസ്ത്രധാരണം ചെയ്ത അത്യധികം ശ്രദ്ധയോടുകൂടി ജോലിയിൽ മുഴുകിയിരിക്കുന്ന ഐശ്വര്യയെ തുറന്നുകിടന്ന ജനലിലൂടെ അയാൾ കണ്ടു. മുറിയുടെ അരണ്ടവെളിച്ചത്തിലും അവൾ അതീവസുന്ദരിയായി അയാൾക്കു തോന്നി. അവളെ തന്റെ ഭാര്യയായി തിരഞ്ഞെടുക്കാൻ തീരുമാനിച്ച് അയാൾ മടങ്ങി.

കൊട്ടാരത്തിൽ തിരിച്ചെത്തിയ രാജകുമാരൻ സുന്ദരിയും സുശീലയുമായ ഒരു യുവതിയെ കണ്ടെത്തിയതായി പിതാവിനെ അറിയിച്ചു. ഐശ്വര്യമുള്ള ഒരു സ്ത്രീ അവളുടെ ഭർത്താവിന്റെ സമ്പത്തായിരിക്കുമെന്നും താൻ ഭാര്യയായി തിരഞ്ഞെടുത്തിട്ടുള്ള ഐശ്വര്യ രാജകുടുംബത്തെ സമ്പന്നമാക്കുമെന്നും അയാൾ പിതാവിന് വിവരിച്ചുകൊടുത്തു. അയാളുടെ ഇഷ്ടംപോലെ ചെയ്തുകൊള്ളാൻ പിതാവു സമ്മതിച്ചു.

ഏതാനും ദിവസങ്ങൾക്കുള്ളിൽ രാജകുമാരൻ ഐശ്വര്യയെ വിവാഹം കഴിച്ചു. ഭർത്താവ് ആഗ്രഹിച്ചതുപോലെ സുന്ദരിയും അധ്വാനശീലയുമായ ഐശ്വര്യ കുടുംബത്തെ എല്ലാവിധത്തിലും സമ്പന്നമാക്കി. ഐശ്വര്യമുള്ള സ്ത്രീ കുടുംബത്തിന്റെ സമ്പത്താണ്. ബുദ്ധിയുടള്ള ഭാര്യ യഹോവയുടെ ദാനം. ❑

---

*15-ാം പേജിൽ നിന്നും തുടർച്ച....*

ശാശ്വത ഭവനത്തിൽ-
പറക്കം മാനവനും,
നിത്യമാം വീട്ടിലെത്തി-
സായൂജ്യം നേടിടുവാൻ.

ദേഹമോ മണ്ണാകുന്നു-
മണ്ണതിൽ മടങ്ങുന്നു,
ആത്മാവോ അനശ്വരം-
ഈശനിൽ ലയിക്കുന്നു.

മായയെ മായ സർവ്വം-
വ്യർത്ഥമെന്നറിഞ്ഞതാൽ,
ജ്ഞാനി ഞാൻ ഗ്രഹിച്ചേറെ-
ചമച്ചു സദ് വാക്യങ്ങൾ.

അധികം പഠിക്കുക-
ബോധനം കൈകൊള്ളുക,
അധിക പഠനമോ-
ദേഹിക്കു ക്ഷീണം തന്നെ.

പുസ്തക രചനയോ-
നാൾക്കുനാൾ ഏറിവരും,
മസ്തകേ നിറയ്ക്കുക-
സർവ്വത്തിൻ സാരാംശവും.

ജ്ഞാനത്തിൻ വാക്യങ്ങളോ-
ഇടയവടി തന്നെ,
മൂർച്ഛിക്കും ആണി തുല്യം-
മാനസ്സേ തറയ്ക്കുന്നു.

അധികം പഠിക്കുക-
ബോധനം കൈകൊള്ളുക,
അധിക പഠനമോ-
ദേഹിക്കു ക്ഷീണം തന്നെ.

സർവ്വേശ ഭക്തിയോടെ-
തൃപാദം നമിക്കുക,
കല്പന പ്രമാണിച്ചു-
ധന്യത നേടിടുക.

"നല്ലതും തീയതുമാം,
സകല വൃത്തികളും
സകലരഹസ്യവും-
വന്നിടും ന്യായാസനേ" ❑



# ലോകാവസാനം

**ജസ്റ്റിൻ ഡിസിൽവ**

**നാം** ജീവിച്ചിരിക്കുന്ന ഈ ലോകത്തിന് ഒരു അവസാനമുണ്ടെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. ദൈവസൃഷ്ടികളായ മനുഷ്യരേയും ജീവജാലങ്ങളേയും ദൈവമാണ് പരിപാലിക്കുന്നതെങ്കിലും മനുഷ്യരിൽ ഭൂരിപക്ഷവും അത് തിരിച്ചറിയുന്നില്ല. ബഹുഭൂരിപക്ഷം മനുഷ്യരും പ്രകൃതാധീതശക്തിയായ (Super natural power) ദൈവത്തെ അന്വേഷിക്കുകയോ, അനുസരിക്കുകയോ ചെയ്യാതെ പൂർവ്വികരുടെ വിശ്വാസങ്ങളും, കർമ്മങ്ങളും കൊണ്ട് അതു ശരിയാണോ തെറ്റാണോ എന്നു ചിന്തിക്കുക പോലുമില്ലാതെ ദൈവീകമായ കാര്യങ്ങളെ അവരുടെ പാരമ്പര്യത്തിൽ പൂർത്തീകരിക്കുന്നു. അങ്ങനെ അവർ ദൈവസൃഷ്ടികളായ സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും സൗരയുഥത്തിലെ എല്ലാ ഗ്രഹങ്ങളേയും ആരാധിക്കുകയും ഭൂമിയിലെ ദൈവസൃഷ്ടികളായ പാമ്പ്, കാള, പശു, പട്ടി, കുരങ്ങൻ, ആന, പന്നി തുടങ്ങിയ വന്യമൃഗങ്ങളേയും ആരാധിക്കുന്നു. അതിന് പുറമെ മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ മനുഷ്യരേയും ദൈവമാക്കി ആരാധിക്കുന്നു. (യേശു മനുഷ്യനല്ല മനുഷ്യനായി അവതരിച്ച ദൈവമാണ്) മനുഷ്യരിൽ ചിലർ മണ്ണിലും, തടിയിലും, ലോഹങ്ങളിലും തങ്ങൾതന്നെ വാർത്തെടുക്കുന്ന വിഗ്രഹങ്ങളെ ആരാധിക്കുന്നു. ഇതെല്ലാം ആത്മീയമായ മ്ലേച്ഛരതകളാണ്.

മനുഷ്യരെ സൃഷ്ടിച്ച ദൈവത്തെപോലെ വിശുദ്ധരായിതീരേണ്ട മനുഷ്യർ തങ്ങളുടെ ജഡത്തെ തെറ്റായ രാഗമോഹങ്ങളാൽ മലിനപ്പെടുത്തുന്നതിനാൽ ഇങ്ങനെയുള്ള തലമുറകളെ ദൈവം ന്യായം വിധിച്ച അനേകം ഉദാഹരണങ്ങൾ വേദപുസ്തകത്തിലുണ്ട്. പുരാതനകാലത്ത് അതായത് ദൈവം ഈ ലോകത്തേയും ഭൂവാസികളേയും സൃഷ്ടിച്ചിട്ട് കഷ്ടിച്ച് 1656 കൊല്ലമായപ്പോൾ അന്നത്തെ ലോകത്തെ നശിപ്പിച്ച ചരിത്രമാണ് നോഹയുടെ കാലത്തെ ജലപ്രളയം.

പുരാതനലോകാവസാനത്തിനു ഇടയാക്കിയ കാര്യങ്ങൾ വളരെ വിചിത്രമാണ്. ഭൂമിയിൽ മനുഷ്യർ പെറ്റുപെരുകിയപ്പോൾ ദൈവത്തിന്റെ മക്കളായ ദൂതന്മാർ മനുഷ്യസ്ത്രീകളെ സുന്ദരികളാണെന്ന് കണ്ടിട്ട് അവർ മനുഷ്യവേഷമെടുത്തുവന്നു തങ്ങൾക്ക് ബോധിച്ചവരെ ഏവരേയും ഭാര്യമാരായി എടുത്തു. അങ്ങനെ ദൂതന്മാർക്ക് മനുഷ്യസ്ത്രീകളിൽ പുത്രന്മാർ ജനിച്ചു. ഇവർ മനുഷ്യപുത്രന്മാരെക്കാളും വലിപ്പമുള്ളവരും മനുഷ്യവർഗ്ഗത്തിനു ഒരിക്കലും പ്രാപിക്കാൻ കഴിയാത്ത പ്രപഞ്ചജ്ഞാനം

(വഷളത്വം) ദൂതന്മാരിൽ നിന്നും പ്രാപിച്ചവരുമായിരുന്നു. ഇതുകാരണം ഇവർ ഗ്രഹനിലകളും, ഹസ്തരേഖശാസ്ത്രവും, ജ്യോതിശാസ്ത്രവും, ആഭിചാരങ്ങളുടെ പൈശാചികതന്ത്രങ്ങളുടെയും അറിവുകൾ നേടുകയും കൺമഷി പുരട്ടുക, മുടിപിന്നിക്കുക, ശരീരം തുളച്ചു ആഭരണങ്ങളണിയുക, നാനാവിധമായ മേക്കപ്പുകൾ മുഖത്തിടുക, പിന്നെ നാനാവിധ ശാരീരിക വൈകൃതങ്ങളാൽ ജഡത്തെ മലിനപ്പെടുത്തുകയും ചെയ്തപ്പോൾ ദൈവം ആ തലമുറയെ ലോകത്തോടുകൂടി ജലത്താൽ നശിപ്പിച്ചു, (ഉല്പത്തി 6: 1-6/7:9-21). ഇതിനു കാരണക്കാരായ ദൂതന്മാരെയും ദൈവം ശിക്ഷിച്ചു.

*യൂദാ 6 തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിയ്ക്കായി എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൻകീഴിൽ സൂക്ഷിച്ചിരിക്കുന്നു.*

ദൈവം എപ്പോഴും ജനത്തെ വഷളത്വംകാരണം നശിപ്പിക്കുന്നതിനുമുമ്പ് ജനത്തിന് സുവിശേഷം അറിയിക്കുക പതിവാണ്. അതു ദൈവത്തിന്റെ മനുഷ്യരോടുള്ള നീതിയാണ്. പുരാതനലോകത്തെ ജലത്താൽ നശിപ്പിക്കുന്നതിനുമുമ്പ് നോഹയെ കൊണ്ട് 120 കൊല്ലം ജനത്തെ സുവിശേഷം അറിയിച്ചു. എന്നാൽ നോഹയുടെ കുടുംബമല്ലാതെ ഒരാൾ പോലും സുവിശേഷം അനുസരിച്ചില്ല. അതിനാൽ ദൈവം ഒരു പെട്ടകത്തിൽ നോഹയേയും കുടുംബത്തേയും സർവ്വജീവജന്തുക്കളിൽ നിന്നും, പക്ഷികളിൽ നിന്നും ഈ രണ്ട് ജോഡികളുമായി പെട്ടകത്തിൽ കയറ്റി ഭൂമിയെ ജലപ്രളയം കൊണ്ട് നശിപ്പിച്ചു ഈ പെട്ടകം ജലപ്രളയത്തിനുശേഷം റൊമേനിയയുടെ അരാരത്ത് പർവ്വതത്തിൽ ഉറച്ചു. അതു ഇന്നും ആ പർവ്വതത്തിൽ മഞ്ഞുകട്ടകളാൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

പുരാതനകാലത്തെ ലോകാവസാനത്തിനുശേഷം പെട്ടകത്തിൽ നിന്നും പുറത്തുവന്ന നോഹയും കുടുംബവും പെറ്റുപെരുകിയതാണ് ഇന്നു നാം കാണുന്ന ലോകം. വീണ്ടും ദൂതന്മാർ മനുഷ്യസ്ത്രീകളെ തങ്ങൾക്കു ഭാര്യമാരായി എടുക്കുന്നത് തുടർന്നു. ഈ വിധത്തിൽ നോഹയുടെ നാലാം തലമുറയിൽപെട്ട നിമ്രോദ് ഒരു വീരനായിരുന്നു (ഉല്പ. 10 :8, 9). പുതിയ നിയമകാലഘട്ടത്തിലും ദൂതന്മാർ ഈ വിധത്തിലുള്ള പ്രവർത്തികൾ തുടർന്നിരുന്നു എന്ന് പൗലൊസ് കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ നിന്നും മനസിലാക്കാം.

*1 കൊരിന്ത്യർ 11:9,10 പുരുഷൻ സ്ത്രീയ്ക്കായിട്ടല്ല, സ്ത്രീ പുരുഷനായിട്ടത്രെ സൃഷ്ടിക്കപ്പെട്ടത്. ആകയാൽ സ്ത്രീക്ക് ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കണം.*

നിമ്രോദ് ബിംബാരാധന തുടങ്ങിയ ആത്മീയ മ്ലേച്ഛതകളാൽ ദൈവത്തോട് മത്സരിച്ചു അക്കാലത്തെ ജനങ്ങളെ ദൈവവുമായിട്ടുള്ള ബന്ധത്തിൽ നിന്നും വഴിതെറ്റിച്ചു. അതിനാൽ ദൈവം ഒരു ഭൂഖണ്ഡമായിരുന്ന ഭൂമി മുഴുവൻ അന്നത്തെ ജനത്തെ മുഴുവൻ ചിതറിച്ചു. പിന്നെ ഭൂമിയെ നാം ഇന്നു കാണുന്ന വിധത്തിൽ ഭൂഖണ്ഡങ്ങളും ദ്വീപുകളും ദ്വീപസമൂഹങ്ങളുമാക്കി തീർത്തു.

അതിനുശേഷം അബ്രഹാമിന്റെ കാലത്ത് ദൈവം പാപപ്രവർത്തികളിൽ മാത്രം മുഴുകിയിരുന്ന ഇസ്രായേലിലെ സോദോം, ഗോമോറ എന്നീ രണ്ട് പട്ടണങ്ങളെ തീയാൽ നശിപ്പിച്ചു ഈ പട്ടണങ്ങളിരുന്ന സ്ഥലമാണ് ഇന്നത്തെ ചാവ് കടൽ (Dead Sea).

ഇതുപോലെ ഇന്നത്തെ ഇറാക്കിനും സിറിയയ്ക്കുമിടയിൽ ഉണ്ടായിരുന്ന നിനവേ എന്ന പ്രാചീനപട്ടണക്കാർ പാപപ്രവർത്തികളിൽ മുഴുകിയിരുന്നപ്പോൾ ദൈവം അവരെ നശി

പ്പിക്കാൻ ശ്രമിച്ചു അതിന് മുന്നോടിയായി ജന ത്തിന് മാനസാന്തരപ്പെടുവാൻ തക്കവണ്ണം യോനാ പ്രവാചകനെ അയച്ചു സുവിശേഷം അറിയിച്ചപ്പോൾ ജനം സുവിശേഷം ഏറ്റെടുക്കു കയും മാനസാന്തരപ്പെടുകയും ചെയ്തു. അങ്ങനെ ദൈവം അനുതപിച്ചു അവരെ ന്യായം വിധിച്ചില്ല.

അന്ത്യക്കാലത്ത് വരാൻ പോകുന്ന ലോകാവസാനത്തിനുള്ള ഏറ്റവും വലിയ പ്രത്യേകത ഈ ലോകാവസാനത്തിനു മുൻപ് മാനസാന്തരപ്പെടുവാനായി ദൈവം നൽകിയ കാലം ഏകദേശം രണ്ടായിരം കൊല്ലങ്ങളോള മാണ്. അദൃശ്യനായ ദൈവം തന്നെ ലോകത്തിൽ മനുഷ്യനായി വന്നു മനുഷ്യനെ മോചിക്കുവാൻ കാൽവറിയിൽ യാഗം ചെയ്തു. ഈ യാഗഫലങ്ങളായ പാപമോചനം, ശാപമോ ചനം, രോഗസൗഖ്യം, പിന്നെ നിത്യരക്ഷ ഇത്രയും കാര്യങ്ങൾ യേശു തന്റെ ക്രൂശുമരണ ത്താൽ മാനവരാശിക്കായി ചെയ്തു. ഈ രക്ഷ ഏറ്റെടുക്കുന്നവരെ കർത്താവ് ലോകാന്ത്യ ത്തിൽ വന്നു തന്റെ കൂടെ ചേർക്കുകയും അതി നുശേഷം ഈ മുഴുലോകത്തേയും തീയാൽ നശിപ്പിക്കും ഇതാണ് ലോകാന്ത്യം. ഈ ലോകാ ന്ത്യത്തിൽ സാത്താനും അവന്റെ ഭൂതങ്ങളായ സൈന്യങ്ങൾക്കും കൂടെ അന്ന് അന്ത്യം വരു ന്നു. സാത്താനേയും സൈന്യത്തേയും ദൈവം അഗാധത്തിൽ അടച്ചുമുദ്രവയ്ക്കും.

കഴിഞ്ഞ രണ്ടായിരം കൊല്ലങ്ങളായി ദൈവ ജനം ഓരോ തലമുറയും വളരെ താല്പ ര്യത്തോടു കാത്തു പ്രാർത്ഥിച്ചു ഒരുങ്ങിയി രിക്കുന്ന ദൈവ ദിവസത്തെ പഴയനിയമത്തിൽ യഹോവയുടെ മഹാദിവസമെന്നും (സെഫന്യ 1:14) പുതിയ നിയമത്തിൽ കർത്താവിന്റെ ദിവ സമെന്നും (2 പത്രോസ് 3:10) പറയുന്നു. ഇങ്ങനെ രണ്ടായിരം കൊല്ലമായി കർത്താവിന്റെ ദിവസത്തിനായി ഒരുങ്ങി കാത്തിരുന്ന മൺമ റഞ്ഞ വിശ്വാസികൾ ഭാഗ്യവാന്മാരാണ്, കാരണം ആ ഒരുക്കത്തിലും, കാത്തിരിപ്പിലും അവർ ദൈവസന്നിധിയിലെത്തി കഴിഞ്ഞു. എന്നാൽ നാമായിരിക്കുന്ന ഈ തലമുറയിൽ തന്നെ കർത്താവ് വരും എന്നു കർത്താവ് പഠി പ്പിച്ച കാര്യങ്ങളിലേയ്ക്ക് നമുക്ക് കടക്കാം.

ഈ വരാൻ പോകുന്ന ലോകാവസാന ത്തിനുമുമ്പ് വലിയൊരു കഷ്ടകാലമുണ്ടെന്നു യേശു ശിഷ്യന്മാരെ പഠിപ്പിച്ചു.

*മത്തായി 24:21 ലോകാരംഭം മുതൽ ഇന്നുവ രെയും സംഭവിച്ചിട്ടില്ലാത്തും ഇനിമേൽ സംഭ വിക്കാത്തതുമായ വലിയ കഷ്ടം അന്നുണ്ടാ കും.*

ഈ കഷ്ടകാലം ഏഴുകൊല്ലമാണെന്നു ദൈവവചനം പഠിപ്പിക്കുന്നു (ഡാനിയേൽ 9:27/ ഉല്പത്തി 29:27) ഈ ഏഴുവർഷം നീണ്ടുനി ൽക്കുന്ന മഹാപീഢനകാലമാണ് അന്നത്തെ രാഷ്ട്രീയകാരണങ്ങളാൽ സംഭവിക്കാൻ പോകുന്ന മൂന്നാംലോകമഹായുദ്ധം. ഈ യുദ്ധ ത്തിൽ ആറ്റംബോംബുകൾ യഥേഷ്ടം ഉപയോ ഗിക്കും (2 പത്രോസ് 3:10,11) അങ്ങനെ ഈ ലോകത്തിന് അവസാനം സംഭവിക്കുന്നു.

ലോകത്തിൽ യാതൊരുകാര്യത്തിനും ഒരു വർഷവും അതിൽ ഒരു മാസവും അതിൽ ഒരു ആഴ്ചയും അതിൽ ഒരു ദിവസവും ദിവ സത്തിൽ ഒരു സമയവും വേണം. എന്നാൽ യേശു ശിഷ്യന്മാരെ ലോകാവസാന വിഷയം പഠിപ്പിച്ചപ്പോൾ അതിൽ നാളും നാഴികയും മാത്രം പഠിപ്പിച്ചില്ല.

*മത്തായി 24:36 ആ നാളും നാഴികയും സംബ ന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറി യുന്നില്ല എന്നുപറഞ്ഞു.*

ഇതിൽ പുത്രനും കൂടെ അറിയുന്നില്ല എന്നുപറഞ്ഞിരിക്കുന്നത് വിവർത്തനപിശകാണ്. പുത്രൻ ദൈവമായിരിക്കെ തീർച്ചയായും യേശു അതു അറിയുന്നു. ഇതിന്റെ ഇംഗ്ലീഷ് ഭാഗം വായിക്കുക

*Mathew 24 :36 But of the day and hour knows no not even the angels of heaven, but my Father only.*

യേശുവിന് അറിയുന്നില്ല എന്ന് അവിടെ പറയുന്നില്ല.

## അത്തിമരവും യെഹൂദന്മാരും

ഒലിവുമലയിൽ വച്ചു ശിഷ്യന്മാർ യേശുവിനോടു ചോദിച്ച മൂന്നാമത്തെ വിഷയമാണ് ലോകാവസാനം. യേശു അതിനുള്ള മറുപടിയായി പറഞ്ഞ വചനം താഴെ കൊടുക്കുന്നു.

*മത്തായി 24: 32. അത്തിയെ നോക്കി ഒരു ഉപമ പഠിക്കുക. അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ.*

അത്തി എന്നത് ഒലിവുമരംപോലെ ഇസ്രായേലിലെല്ലായിടത്തും കാണുന്ന പ്രധാനമരമാണ്. ഈ മരത്തിന്റെ പ്രധാനപ്രത്യേകത വേനൽക്കാലത്തിനു മുൻപു ഇലകളെല്ലാം വാടികൊഴിഞ്ഞുപോയി വേനൽ കാലത്തു കൊമ്പുവരികയും ഇല തളിർക്കുകയും ചെയ്യും. ഈ അത്തിമരത്തോടു പ്രവാസികളായ ഇസ്രായേലിനെ ദൈവം ഉപമിച്ചിട്ടുണ്ട്. യിരമ്യാവ് 24: 5 ഈ അത്തിയാകുന്ന യഹൂദൻ എ.ഡി. 70 നു ശേഷം ആഗോളപ്രവാസത്തിൽ പോകുന്നതിനു മുൻപ് തന്നെ ദൈവം ആമോസ് പ്രവാചകനിൽ കൂടി ഈ അത്തിയെ തിരികെ ഇസ്രായേലിൽ കൊണ്ടു നടുമെന്നു പ്രവചിച്ചു.

*ആമോസ് 9:15 ഞാൻ അവരെ അവരുടെ ദേശത്തു നടും. ഞാൻ അവർക്കു കൊടുത്തിരിക്കുന്ന ദേശത്തുനിന്നും അവരെ ഇനി പറിച്ചുകളയുകയില്ല എന്നു നിന്റെ ദൈവമായ യഹോവ അരുളിചെയ്തിരിക്കുന്നു.*

ഈ പ്രവചനവാഗ്ദത്തം പോലെ ഒന്നാം ലോകമഹായുദ്ധത്തിനുശേഷം 1918 മുതൽ ഇസ്രായേൽ മക്കൾക്കു തങ്ങളുടെ പഴയ പുണ്യഭൂമിയായ ഇസ്രായേലിലേക്കു കുടിയേറാൻ ദൈവം ഇടയാക്കി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം 1948 ൽ അവർക്കു തങ്ങളുടെ രാജ്യത്തിനു സ്വാതന്ത്ര്യം ലഭിച്ചു. 1918 ൽ ഇസ്രായേൽ ദേശത്തു നട്ട അത്തിക്കു കൊമ്പിളതായ വർഷമാണിത് 1948. 1967–ൽ ചുറ്റിലുമുള്ള അറബിരാജ്യങ്ങളുമായുള്ള 6 ദിവസത്തെ യുദ്ധത്തിലെ ജയം അത്തിയാകുന്ന യിസ്രായേലിന്റെ ഇല തളിർത്ത വർഷമാണ്. ഈ യുദ്ധത്തിൽ ഇല തളിർത്തവിധം

1. ലെബനോനിൽ നിന്നും ഷീബാഫാം എന്ന പ്രദേശം പിടിച്ചെടുത്തു.

2. പഴയ യിസ്രായേലിന്റെ ഭാഗമായിരുന്ന ഗോലാൻ കുന്നുകൾ സിറിയയിൽ നിന്നും പിടിച്ചെടുത്തു.

3. യെരുശലേം പട്ടണത്തിന്റെ പ്രധാന ഭാഗമായ യോർദ്ദാൻ നദിയുടെ പടിഞ്ഞാറേക്കര (വെസ്റ്റ് ബാങ്ക്) യോർദ്ദാനിൽ നിന്നും പിടിച്ചെടുത്തു.

4. ഈജിപ്റ്റിൽ നിന്നും പിടിച്ചെടുത്ത സീനായ് മരുഭൂമി മുഴുവനും യിസ്രായേൽ ഉടനെ തിരികെ ഈജിപ്റ്റിനു മടക്കി കൊടുത്തു.

ഈ യെരുശലേം പ്രദേശം യിസ്രായേലിന്റെ ആത്മീക കേന്ദ്രവും അത് വിട്ടുകൊണ്ടുള്ള ജീവിതം അവർക്ക് ചിന്തിക്കാൻ കഴിയുന്നതുമല്ല എന്നത് താഴത്തെ വചനങ്ങളിൽ കാണാം.

*സങ്കീർത്തനം. 137:1 ബാബേൽ നദികളുടെ*

*തീരത്തു ഞങ്ങൾ ഇരുന്നു. സിയോനെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു.*

*സങ്കീർത്തനം 137:5, 6. യെരുശലേമേ, നിന്നെ ഞാൻ മറക്കുന്നുവെങ്കിൽ എന്റെ വലംകൈ മറന്നു പോകട്ടെ. യെരുശലേമിനെ എന്റെ മുഖ്യ സന്തോഷത്തെക്കാൾ വിലമതിക്കാതെ പോയാൽ എന്റെ നാവു അണ്ണാക്കിനോട് പറ്റിപ്പോകട്ടെ.*

ബാബേൽ പ്രവാസത്തിൽ ഇസ്രായേൽ ജനം യെരുശലേമിനെകുറിച്ചോർത്തു പറഞ്ഞ അവരുടെ ഹൃദയവികാരമാണിത്. അത്രത്തോളം ഈ ജനം യരുശലേമിനെ സ്നേഹിക്കുന്നു. ഈ യരുശലേം 1967 ലെ യുദ്ധത്തിൽ പൂർണ്ണമായി തങ്ങളുടെ കൈയിൽ ലഭിച്ചതു അത്തിയാകുന്ന യഹൂദന്റെ ഇലതളിർത്ത നാളുകളാണ് (മത്തായി 24:32). ഇങ്ങനെ ഇല തളിർക്കുമ്പോൾ അതു വേനലാകുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ.

ഇനി സംഭവിക്കേണ്ടതു അത്തി പൂത്തു തളിർത്ത് ഫലമുളവാകണം. അതു ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നു.

*മത്തായി 24:33. അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ.*

ഇസ്രായേലാകുന്ന അത്തിയുടെ ഇല തളിർത്തു കാണുമ്പോൾ അവന്റെ വരവ് വളരെ അടുത്തിരിക്കുന്നു എന്നു മനസ്സിലാക്കാൻ യേശു പറഞ്ഞു.

*മത്തായി 24:34. ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.*

1967 ൽ ഇസ്രായേലിന്റെ ഇല തളിർത്തതു കണ്ട തലമുറ കർത്താവിന്റെ വരവും ലോകാവസാനവും കാണാതെ ഒഴിഞ്ഞു പോകയില്ല എന്നു യേശു വ്യക്തമാക്കുന്നു. മാത്രമല്ല അതിനു താഴെയുള്ള വചനം അതിനെ ഉറപ്പാക്കുകയും ചെയ്യുന്നു.

*മത്തായി 24: 35. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല.*

ഒരു തലമുറ എത്രവർഷമെന്നു വചനപ്രകാരം നോക്കാം. ഈജിപ്റ്റിൽ നിന്നും ദൈവം ഇസ്രായേൽ മക്കളെ മോചിപ്പിക്കുന്നതിനു മുൻപ് മോശയെ വിട്ടു യുദ്ധപ്രാപ്തരായവരെ എണ്ണി. അപ്പോൾ 20 വയസ്സിനു മുകളിൽ പ്രായമുള്ളവർ 6 ലക്ഷം പുരുഷന്മാരായിരുന്നു.

അപ്പോൾ എണ്ണപ്പെട്ട പ്രായം (സംഖ്യ 14:29, 30.) 20 വയസ്സ്

എന്നാൽ മരുഭൂമിയിൽ ദൈവത്തോടു മത്സരിച്ച ഈ തലമുറയെ ദൈവകോപത്താൽ മരുഭൂമിയിൽ തന്നെ നശിപ്പിക്കാൻ ദൈവം അവരെ 40 വർഷം നടത്തി (സംഖ്യ 32:13.)

അപ്പോൾ ഒരു തലമുറ 60 വർഷം. അങ്ങനെയെങ്കിൽ ഇല തളിർത്തു കണ്ട വർഷത്തോടു ഈ തലമുറയുടെ പ്രായം കൂട്ടിയാൽ കർത്താവിന്റെ വരവും ലോകാവസാനവും 2027 നു മുൻപു സംഭവിക്കണം. 2027 ൽ ലോകാവസാനം സംഭവിക്കണമെങ്കിൽ അതിനു ഏഴു കൊല്ലത്തിനു മുൻപ് മഹാപീഡനം തുടങ്ങണം. അങ്ങനെയെങ്കിൽ അതു 2020 ൽ സംഭവിക്കണം.

| | | | |
|---|---|---|---|
| ഇലതളിർത്ത വർഷം (മത്താ. 24:32) | - | 1967 | ൽ |
| ഒരു തലമുറ (സംഖ്യ 14:29,30/സംഖ്യ 32:13) | - | 60 | കൊല്ലം |
| ലോകാവസാനം | - | 2027 | ൽ |
| അതിനു മുമ്പ് മഹാപീഡനകാലം | - | 7 | കൊല്ലം |
| മഹാപീഡനം തുടങ്ങുന്നു | - | 2020 | |

നാം മുകളിൽ കൂട്ടിയ കണക്കുകൂട്ടലിൽ എണ്ണപ്പെട്ട പ്രായമായ ഇരുപതു വയസ്സും, തല

മുറ മുടിഞ്ഞുപോകാൻ നടത്തിയ കാലം നാല്പതു വർഷമാണെങ്കിലും ഈ നാല്പതു വർഷമെന്ന കണക്കിന് സംഖ്യപുസ്തകത്തിൽ തന്നെ മറ്റൊരു കാരണവും ദൈവവചനത്തിൽ പറയുന്നു.

*സംഖ്യ 14: 24 ദേശം ഒറ്റുനോക്കിയ നാല്പതു ദിവസത്തിന്റെ എണ്ണത്തിനൊത്തവണ്ണം ഒരു ദിവസത്തിന് ഒരു സംവത്സരം വീതം നാല്പതു സംവത്സരം നിങ്ങൾ നിങ്ങളുടെ അകൃത്യങ്ങൾ വഹിച്ചു. എന്റെ അകലം അറിയും.*

വേദപുസ്തകപ്രകാരം ലോകാവസാനത്തിന്റെ മറ്റൊരു കാലഘട്ടകണക്ക് നമുക്കു പരിശോധിക്കേണ്ടിയിരിക്കുന്നു. ദൈവജനമായ യിസ്രായേൽ പാപം ചെയ്തു ദൈവത്തെ കോപിപ്പിച്ച കാലങ്ങളിലെല്ലാം ദൈവം അവരെ വാഗ്ദത്ത ഭൂമിയിൽ നിന്നും പുറത്താക്കുകയോ അന്യജാതിരാജാക്കന്മാരുടെ കൈയിലേല്പ്പിക്കുകയോ ചെയ്തിരുന്നു. അതുപോലെ യിസ്രായേൽ തങ്ങളുടെ അടുക്കൽ മിശിഹയായി വന്നവനെ മതനിന്ദ ആരോപിച്ചു റോമൻ ശിക്ഷാവിധിയായ ക്രൂശുമരണത്തിനേല്പിച്ചു. അതു മുഖാന്തരം അവർ അതുവരെ ഏറ്റുവാങ്ങിയതിലധികം ദുരന്തങ്ങൾ എ. ഡി. 70 മുതൽ ഏറ്റുവാങ്ങി. ആഗോളപ്രവാസാകിളായിത്തീർന്നു. ഈ ജനത്തിനു അതിനും നൂറ്റാണ്ടുകൾക്കു മുമ്പ് ഈ ശിക്ഷയിൽ നിന്നും ശാശ്വതമായ മോചനം രണ്ടായിരം കൊല്ലം കഴിഞ്ഞുണ്ടാകുമെന്നു ഹോശയ്യാ പ്രവാചകൻ മുഖാന്തിരം ദൈവം കൊടുത്ത വാഗ്ദത്തം താഴെകൊടുക്കുന്നു.

*ഹോശയ്യാ. 6:1,2 വരുവിൻ നാം യഹോവയുടെ അടുക്കലേക്കു ചെല്ലുക; അവൻ നമ്മെ കടിച്ചു കീറിയിരിക്കുന്നു. അവൻ സൗഖ്യമാക്കും അവൻ നമ്മെ അടിച്ചിരിക്കുന്നു. അവൻ മുറിവുകെട്ടും രണ്ടുദിവസം കഴിഞ്ഞിട്ടു അവൻ നമ്മെ ജീവിപ്പിക്കും; മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പിക്കും.*

മുകളിലെ വചനത്തിൽ കാണുന്ന “അവൻ നമ്മെ കടിച്ചു കീറിയിരിക്കുന്നു” എന്നത് എ. ഡി. 70 ലെ യെരുശലേം നാശവും, യെഹൂദന്മാരുടെ ആഗോളപ്രവാസങ്ങളും തന്നെയാണ്. എന്നാൽ പ്രവാചകനിൽകൂടെ ലഭിക്കുന്ന പ്രത്യാശ ദൈവം അവരെ രണ്ടു ദിവസം കഴിഞ്ഞ് ജീവിപ്പിക്കും എന്നാണ്. ഈ രണ്ടു ദിവസം എന്നത് ദൈവത്തിന്റെ രണ്ടു ദിവസവും, മനുഷ്യരുടെ രണ്ടായിരം കൊല്ലവുമാണ്.

*2 പത്രൊ. 3:8 എന്നാൽ പ്രിയമുള്ളവരെ, കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്.*

ഈ രണ്ടായിരം കൊല്ലം എന്നത്, നമ്മുടെ റോമൻ കലണ്ടറിലെ രണ്ടായിരം കൊല്ലമല്ല. അത് ഹിബ്രു കലണ്ടറിലെ രണ്ടായിരം കൊല്ലമാണ്. റോമൻ കലണ്ടർ എ. ഡി. 18-ൽ വരുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പെ ഹോശയാ പ്രവാചകനിൽ കൂടെ ദൈവം കൊടുത്ത വാഗ്ദത്തമാണ് രണ്ടു ദിവസം കഴിഞ്ഞ് മൂന്നാം ദിവസം ജീവിപ്പിക്കുമെന്നത്. അതിനാൽ ഈ കാലഘട്ടകണക്ക് ഹിബ്രുകലണ്ടറിൽ തന്നെ ഗണിക്കണം. (30 ദിവസം X 12 മാസം = 360 ദിവസം X 2000 വർഷം = 720000 ദിവസം ÷ 365.25 = 1971.25 റോമൻ വർഷം).

മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പിക്കും എന്നതിൽ നിന്നും അവരുടെ രണ്ടായിരം കൊല്ലം തീർച്ചയായും തികയണമെന്നാണ്. അങ്ങനെയെങ്കിൽ,

| | | | |
|---|---|---|---|
| AD | - | 70 | + |
| AD | - | 1971 | (ഹിബ്രുവിലെ 2000 വർഷം) |
| AD | - | 2041 | |

അപ്പോൾ യഹൂദന്റെ കാത്തിരിപ്പിന് 2041-ൽ ആ പ്രത്യാശ ലഭിക്കും. “അവർ അവന്റെ മുമ്പാകെ ജീവിപ്പിക്കുകയും ചെയ്യും.”

*ശേഷം 26-ാം പേജിൽ കാണുക*



**ഡോ. സി. ഡി. സുജാതാ സദാനന്ദൻ**
തിരുവനന്തപുരം

# ശരണം ദൈവം മാത്രം

**ഭൂ**മിയുടെ ആരംഭം മുതൽ ഇതുവരെയും മനുഷ്യൻ മോഹന സുന്ദര വാഗ്ദാനങ്ങൾക്ക് അടിമപ്പെട്ടു പോകുന്നു. പാമ്പ് ഹവ്വയോട് എത്ര കർണ്ണരസമാകുമാറ് ഹൃദയവും ബുദ്ധിയും മാറത്തക്കരീതിയിൽ വശ്യസുന്ദരമായ പ്രലോഭനത്തിന് അടിമയാക്കി. ഇന്നും പല ഉന്നതന്മാരും രാഷ്ട്രീയ നേതാക്കന്മാരും തിരഞ്ഞെടുപ്പ് കാലങ്ങളിൽ പല വാഗ്ദാനങ്ങളും പറയും പക്ഷെ ഒന്നും നിറവേറ്റാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഉന്നതന്മാരുടെയും പ്രമാണിമാരുടെയും സ്ഥാപനങ്ങളിലോ ആശ്രിതരായി കഴിയുമ്പോൾപോലും എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുമ്പോൾ ഒരു ശരണവും അഭയവും കൊടുക്കാൻ കഴിയാതെ വരുന്നു. ആശ്രിതർ പലപ്പോഴും വിചാരിക്കും അവർ എനിക്ക് ശരണം ആയിരിക്കും എന്ന്. മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ, യഹോവയിൽ (ദൈവം) ആശ്രയിക്കുന്നത് നല്ലത് (സങ്കീ 118:8). യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു (സങ്കീ 18:2)

കൊടിയ വേദന അനുഭവിക്കുന്ന വ്യക്തികളുടെ അനുഭവമാണ് ആരിൽ ആശ്രയിക്കണം എന്നത്. അതിന്റെ ഭീകരാവസ്ഥയിൽ ലഭിക്കുന്ന അഭയസ്ഥാനം പറഞ്ഞറിയിക്കാൻ പറ്റാത്ത ആശ്വാസവും ശരണവും ആണ്. കഠിനമായ ഭാരത്താലും പ്രയാസത്താലും ആയിരിക്കുമ്പോൾ പ്രലോഭനവുമായി പലരും വരും, വഴങ്ങരുത്, വഴി തെറ്റരുത്. ഈ സമയം സ്വന്തം നാവിനെ കടിഞ്ഞാൺ ഇടണം. നാവിൽ നിന്നും പുറപ്പെടുന്ന ഭോഷത്വം മൂലം പല്ലുകൾക്ക് സ്ഥാനഭ്രംശം വരാവുന്നതാണ്. ദോഷം മനുഷ്യന്റെ സന്തതസഹചാരിയാണ്. അതിനെ കൂടെ പാർപ്പിക്കരുത്. അതൊരു സർപ്പമാണ്.

ദൈവം മാത്രമാണ് നമുക്ക് ശരണം എന്ന് എല്ലാവർക്കും അറിയാം. കർത്താവിൽ നിന്നും ശരണം ലഭിക്കേണ്ടവർ, വിടേണ്ടതായ ചില കാര്യങ്ങൾ: മുന്നമേ ദൈവത്തെ അന്വേഷിക്കണം, ദൈവിക ഉപദേശം തേടണം, നാവിനെ നിയന്ത്രിക്കേണം, ദുഷ്ടതയെ വിട്ട് അകലണം, നന്മ ചെയ്യുവാനുള്ള നല്ല മനസ്സ് വേണം, ഹൃദയനുറുക്കവും താഴ്മയും വേണം.

യഹോവ നല്ലവൻ എന്ന് രുചിച്ച് അറിവിൻ അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ (സങ്കീ. 34:8). വലിയ കഷ്ടതയിലാകുമ്പോഴും ഭക്തന്റെ യഥാർത്ഥ സുരക്ഷിതത്വം എത്ര ഉന്നതം. ഫെലിസ്ത്യർ ദാവീദിനെ ശരിക്കും ഉപദ്രവിച്ചുകാണും എന്നാൽ അസ്ഥികൾ ഒടിക്കപ്പെടുന്നതിനുമുമ്പായി അവൻ അദുല്ലാം ഗുഹയിലേക്കു ഓടി രക്ഷപ്പെട്ടു. നീതിമാന് അനർത്ഥങ്ങൾ വരും, എന്നാൽ അവൻ വിടുവിക്കപ്പെടും. ദുഷ്ടന്റെ ദുഷ്ടത തന്നെയാണ് അവന്റെ സ്വന്തം ആരാച്ചാർ.

വിശ്വാസത്തിന്റെ സാർവ്വ ലൗകികമായ സംരക്ഷണം കർത്താവ് വീണ്ടെടുത്ത ഏവർക്കും ലഭിക്കുന്നു. വിശ്വാസിയുടെ അഭയസ്ഥാനവും, ശരണവും, രക്ഷയും കോട്ടയും ദൈവം മാത്രമാണ്. നങ്കൂരമിട്ട് കിടക്കുന്ന ഒരു കപ്പലിനെ തിരമാലകൾ കുലുക്കിയേക്കാം, പക്ഷേ ഒഴുക്കിക്കൊണ്ടു പോകയില്ല. അതുപോലെ ക്രിസ്തുവിൽ ആശ്രയിക്കുന്നവർക്കു കഷ്ടതകൾ പരിഭ്രമിപ്പിച്ചേക്കാം, എങ്കിലും അതുമൂലം അവൻ നശിച്ചുപോകയില്ല ശരണമായ് ജീവനുള്ള ദൈവം കൂടെയുണ്ട്.

# നമ്മെ ഭരിക്കുന്നത് ഇരുളോ വെളിച്ചമോ?

**ദൈവം** പ്രപഞ്ചത്തെ സൃഷ്ടിച്ചപ്പോൾ ഭൂമി ശൂന്യമായിരുന്നു എന്നും അഗാധതയുടെ മുഖത്ത് അന്ധകാരം ആവസിച്ചിരുന്നു എന്നും ആഴിപരപ്പിൽ ദൈവത്തിന്റെ ആത്മാവു വ്യാപരിച്ചിരുന്നു എന്നും ബൈബിളിൽ പറയുന്നു.

വെളിച്ചം ഉണ്ടാകട്ടെ എന്നു പ്രപഞ്ചകർത്താവു കല്പിച്ചു. അപ്പോൾ വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലതെന്നു ദൈവം കണ്ടു. അവിടുന്ന് ഇരുളിൽനിന്ന് വെളിച്ചത്തെ വേർതിരിച്ചു. അന്ധകാരത്തിന്റെ ആധിപത്യത്തിൻ കീഴിലായിരുന്ന ഭൂതലത്തെ രക്ഷിക്കുവാൻ വെളിച്ചത്തെ ദൈവം ലോകത്തിലേക്ക് അയച്ചു. മനുഷ്യൻ ഇനിയും ഈ വസ്തുത മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. അവൻ ഇന്നും ഇരുളിന് അടിമയായി കഴിയുന്നു. ഇരുളിൽ നിന്നമുള്ള മോചനത്തിനു വെളിച്ചത്തേക്കാൾ ഫലപ്രദമായ ആയുധം വേറെയില്ല. പ്രകാശപൂരിതമായ മനസ്സുള്ളവർക്കു മാത്രമേ മുഖത്തു തിങ്ങിക്കൂടുന്ന മ്ലാനതയും നൈരാശ്യവും തുടച്ചുനീക്കുവാൻ കഴിയൂ.

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു ദൈവം അരുൾ ചെയ്യുന്നു. ഈ പ്രകാശം ഉള്ളിൽ കടക്കുവാൻ അനുവദിക്കാത്തവരെ ഇരുൾ കൈയടക്കും. വെളിച്ചത്തിനു പകരം വിവിധ തരത്തിലുള്ള ഇരുളിനെയാണ് നാം എപ്പോഴും ഉള്ളിലേക്കു കടത്തിവിടുന്നത്. സംശയകരമായ ചിന്തകൾ, വിഷാദചിന്തകൾ, നിഷേധാത്മകമായ ചിന്തകൾ ഇവ ഇരുളിന്റെ വിവിധ മുഖങ്ങളാണ്.

വെളിച്ചവും ഇരുളും തമ്മിലുള്ള സംഘർഷം എപ്പോഴും നമ്മിൽ കടക്കുന്നു. ദൈവത്തിന്റെ ശബ്ദം കേൾക്കുവാൻ കൂട്ടാക്കാത്തവർക്കു വെളിച്ചത്തിന്റെ ഉടമയെ ഉള്ളിൽ പ്രവേശിപ്പിക്കുവാൻ കഴിയാതെ പോകുന്നു. വെളിച്ചം പ്രവേശിക്കുന്നിടത്തു നിന്ന് ഇരുൾ ഓടിയൊളിക്കുന്നു. അങ്ങനെയുള്ള ഹൃദയം വിഷാദചിന്തകളെ ഊട്ടിവളർത്തുകയോ താലോലിക്കുകയോ ചെയ്യുകയില്ല. ഹൃദയത്തിൽ ദിവ്യവെളിച്ചമുള്ളവർക്കു മാത്രമേ ദൈവത്തിന്റെ അനുഗ്രഹങ്ങളെ എണ്ണിയെണ്ണി അനുസ്മരിക്കുവാൻ കഴിയൂ.

ഹൃദയത്തിൽ ഇരുൾ ആധിപത്യം ഉറപ്പിച്ചിരിക്കുന്നവർ, തങ്ങളുടെ കഷ്ടതകളുടെയും ദുരിതങ്ങളുടെയും മാത്രം കണക്കെടുക്കുന്നവരായിരിക്കും. നമ്മുടെ ഉള്ളിൽ ഇരുളാണോ വെളിച്ചമാണോ വാഴുന്നതെന്നു നമുക്കുതന്നെ നിർണയിക്കുവാൻ കഴിയും.

ഒരിക്കൽ ആശുപത്രിയിൽ കിടക്കുന്ന ഒരു രോഗിണിയെ സന്ദർശിക്കുവാൻ ഒരു വൈദികൻ ചെന്നു. അവർ കിടക്കയിൽ എഴുന്നേറ്റിരിക്കുകയായിരുന്നു. തികച്ചും പ്രസന്നമായിരുന്നു അവരുടെ മുഖം.

അവരുടെ ഭർത്താവും അവിടെ ഉണ്ടായിരുന്നു. മുപ്പതു കഴിഞ്ഞ ഒരു മധ്യവയസ്കൻ, കൊടിയ നൈരാശ്യവും മ്ലാനതയും മുറ്റിനില്ക്കുന്ന മുഖം. ജീവിതത്തിൽ തനിക്ക് അനുഭവിക്കേണ്ടി വന്ന ദുരിതങ്ങളുടെ ഒരു നീണ്ട പട്ടിക അയാൾ നിരത്തിവച്ചു. യഥാർത്ഥത്തിൽ ആ സ്ത്രീക്കല്ല ആ മനുഷ്യനാണ് രോഗമെന്ന നിഗമനത്തിൽ വൈദികൻ എത്തിച്ചേർന്നു. "ആകട്ടെ താങ്കളുടെ ജീവിതത്തിൽ സന്തോഷകരമായ ഒരനുഭവം ഉണ്ടായിട്ടില്ലേ?" വൈദികൻ ചോദിച്ചു " ഇല്ല ഒന്നു പോലുമുണ്ടായിട്ടില്ല"

താങ്കൾക്ക് ഇപ്പോൾ സുഖമുണ്ടെന്നു കരുതുന്നുണ്ടോ?"

"എനിക്ക് അറിഞ്ഞുകൂടാ"

അനന്തരം വൈദികൻ ഒരു കടലാസെടുത്ത് ഒരുവശത്തു നന്മകൾ എന്നും മറുവശത്തു തിന്മകൾ എന്നും എഴുതി. പിന്നീട് ആ മനുഷ്യനോടു തിന്മകൾ എന്നെഴുതിയ വശത്തു താങ്കളുടെ ദുഃഖാനുഭവങ്ങളെല്ലാം മുറയ്ക്കെഴുതുക എന്നു എഴുതി. "എന്തെല്ലാം നന്മകൾ അനുഭവിക്കുന്നുണ്ട് എന്നുകൂടി മറുവശത്ത് എഴുതുക." വൈദികൻ പറഞ്ഞു.

"നന്മയോ എന്തു നന്മ; ഒന്നുപോലുമില്ല" ആ മനുഷ്യൻ പറഞ്ഞു.

"ശരി ഉച്ചയ്ക്കു താങ്കൾ ഉണ്ടില്ലേ?"

"ഉണ്ടു".

''അതു ദഹിച്ചു കാണുമല്ലോ. താങ്കൾക്കു നടക്കുവാൻ കഴിയുകയില്ലേ?"

എത്ര നിസാരമായ ചോദ്യം എന്ന ഭാവത്തിൽ വൈദികനെ നോക്കി.

"ചില മനുഷ്യർക്കു നടക്കാൻ പാടില്ലല്ലോ, അതുകൊണ്ടാണു ഞാൻ അതു ചോദിച്ചത്" ഇതുപോലെയുള്ള എത്രയെത്ര അനുഭവങ്ങളാണു നാം നിമിഷംതോറും അനുഭവിക്കുന്നതെന്നു വൈദികൻ അയാളെ ബോധ്യമാക്കി.

പിന്നീട് ആ രോഗിണി ആ കടലാസു വാങ്ങി 'നന്മകൾ' എന്നെഴുതിയ വശത്തു 'സർവ്വോപരി ദൈവം' എന്നുകൂടി എഴുതി. നമ്മുടെ ജീവിതത്തിൽ എല്ലാറ്റിനും പുറമെ ദൈവമുണ്ടെങ്കിൽ വിഷാദമോ വിഷണ്ണതയോ നമ്മെ ബാധിക്കുകയില്ല. *(കടപ്പാട്)* ❑

---

*23-ാം പേജിൽ നിന്നും തുടർച്ച...*

യേശു പഠിപ്പിച്ച ഉപമയിലെ 1967-ൽ അത്തിതളിർത്തു കണ്ട തലമുറയെ ഈ വചനവും അതിലെ കണക്കും വച്ച് ചിന്തിച്ചാൽ ഒരു തലമുറയുടെ പ്രായം 74 കൊല്ലമെന്ന് കാണാം. അങ്ങനെയെങ്കിൽ

| | | | |
|---|---|---|---|
| AD | - | 1967 | + (2041-1967=74) |
| തലമുറ | - | 74 | |
| ലോകാവസാനം | - | 2041 | - ൽ സംഭവിക്കണം |
| മഹാപീഡനം | - | 7 | കൊല്ലം അതിനു മുൻപ് |
| മഹാപീഡനം തുടങ്ങേണ്ടത് | - | 2034 | -ൽ |

മുകളിൽ കൊടുത്തിരിക്കുന്ന രണ്ട് കണക്കുകളും തമ്മിലുള്ള അന്തരം വെറും 14 കൊല്ലം.

ഇങ്ങനെ വേദപുസ്തക കണക്കുകളെ നാം വ്യക്തമായി പഠിച്ചാൽ ഇപ്പോൾ തന്നെ യേശു ദൈവസഭയുടെ വാതില്ക്കൽ ആയിരിക്കുന്നു. ഇനി എത്രയും പെട്ടെന്ന് ദൈവഗൃഹത്തിൽ പ്രവേശിക്കാൻ സമയമായി.

ദൈവം കാലഘട്ടകണക്കു പറഞ്ഞാൽ അതു നിശ്ചയമായി ഒരു ദിവസം പോലും തെറ്റാറില്ല എന്ന് വചനത്തിൽ കാണുന്നു. യിസ്രായേൽ മക്കളുടെ മിസ്രയീം അടിമത്വം 400 കൊല്ലമെന്ന് അബ്രഹാമിനോടു ദൈവം പറഞ്ഞപ്പോൾ (ഉല്പ. 15: 13) 400 കൊല്ലം തികഞ്ഞപ്പോൾ (യോസഫ് മിസ്രയീമിൽ എത്തിയ വർഷം മുതൽ യോസഫിനെ അറിയാത്ത ഫറവോന്റെ കീഴിൽ അടിമത്വം തുടങ്ങിയതുമായ 30 വർഷവും ചേർത്ത് 430 കൊല്ലം) അവർ മോചിപ്പിക്കപ്പെട്ടു.

*പുറപ്പാട് 12 : 40, 41 യിസ്രായേൽ മക്കൾ മിസ്രയീമിൽ കഴിച്ച പരദേശവാസം നാനൂറ്റിമുപ്പത് സംവത്സരമായിരുന്നു. നാനൂറ്റിമുപ്പതു സംവത്സരം കഴിഞ്ഞിട്ട് ആ ദിവസം തന്നെ യഹോവയുടെ ഗണങ്ങൾ ഒക്കെയും മിസ്രയീം ദേശത്തു നിന്ന് പുറപ്പെട്ടു.*

ഇതുപോലെ ലോകാന്ത്യത്തെകുറിച്ചുള്ള ദൈവീക കണക്കുകളും അതിന്റേതായിട്ടുള്ള കൃത്യസമയത്തു തന്നെ നടക്കുമെന്ന് തീർച്ചയായും നമ്മൾ വിശ്വസിക്കേണ്ടതാണ്. പുതിയ നിയമത്തിലെ ദൈവത്തിന്റെ അവകാശജനമായ നാം നമ്മുടെ അവകാശത്തിലേക്ക് മടങ്ങുവാൻ കാലം വേഗം സമീപിച്ചിരിക്കുന്നു. ❑



# Worry Not



Why worry my beloved friend
Trust The Lord take courage
Face the world without fear
He is there to take care!!

Are you troubled distressed
Broken, sad or wounded
Forsaken by all dear ones?
Fear not! Jesus will take care!

Have you lost your dear ones
Are you left alone in life
Have you none to depend on?
Fear not! Jesus will take care!

Are you suffering any pain
Where there is no cure?
Don't be dismayed anymore
Jesus can heal you anytime!

Jesus the Prince of Peace
Will fill you with heavenly peace
The Holy Spirit the comforter
Will remain with you throughout life!!

*Don't worry about anything, but in all your prayers ask God for what you need, always asking him with a thankful heart". Philippians 4:6*



**Sosamma Thomas**

Volume - 5 Issue - 04
April 2019
Rs. 10/-

# EDAYAN

Reg. No : KERMAL/2015/61865
Postal Reg. No : KL/TV(N)/662/2018-20
Published on : 10-04-2019


# ഇടയൻ

ഒരു സമ്പൂർണ്ണ
ക്രിസ്ത്യൻ മാസിക

## വായിക്കുക.... വരിക്കാരാവുക...

* തികച്ചും ആത്മീക കാര്യങ്ങൾ
* യുവജനങ്ങൾക്കും കുട്ടികൾക്കും ക്രമീകരണം വരുത്താൻ
* ക്രിസ്തീയ ജീവിതത്തിൽ അനുഷ്ഠിക്കേണ്ടതും വർജ്ജിക്കേണ്ടതുമായ കാര്യങ്ങൾ ബൈബിൾ അടിസ്ഥാനത്തിൽ
* കഥകൾ
* അനുഭവ സാക്ഷ്യങ്ങൾ തുടങ്ങിയവ...




**മാസിക ആവശ്യപ്പെടേണ്ട വിലാസം**

The Chief Editor
Edayan Magazine, Post Box - 3024
Mannanthala P.O., Nalanchira
Thiruvananthapuram - 695 015
Mob: 9447030149
email : edayanmonthly2014@gmail.com


Printed, Published & Owned by: Thomas Vaidian, Pattathil House, SN Nagar, Mannanthala P.O., Thiruvananthapuram - 695 015, Editor : Thomas Vaidian Mob: 9447030149
Printed at Grace Printers, Muttada, Thiruvananthapuram. Ph: 9447059891